നം.കെഎസ്എ-കെടിഎം.പി-17/192/2019 തീയതി : 08.04.2019

# കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 14.02.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഡി.സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2019 മുതൽ 14.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധാ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആൽബിൻ സിറിയക് | ഓഡിറ്റർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | പ്രൊഫ. സെലിൻ റോയി തകിടിയേൽ | 01-04-17 മുതൽ 31-03-18 വരെ |
| ചെയർപേഴ്സൺ (ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ. കുര്യാക്കോസ് പടവൻ | 01-04-17 മുതൽ 31-03-18 വരെ |
| ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി കൊച്ചുറാണി എഫ്രേം മുകാല | 01-04-17 മുതൽ 31-03-18 വരെ |
| ചെയർപേഴ്സൺ (മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി) | പ്രൊഫ. സതീശ് ചൊള്ളാനി | 01-04-17 മുതൽ 31-03-18 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ ബിജു പാലൂപ്പടവിൽ | 01-04-17 മുതൽ 31-03-18 വരെ |
| ചെയർപേഴ്സൺ (ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി ഷെറിൻ തോമസ് | 01-04-17 മുതൽ 31-03-18 വരെ |
| | | |

| | | |
|---|---|---|
| ചെയർപേഴ്സൺ (വിദ്യാഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി റാണി റോമൽ പടിഞ്ഞാറേക്കര | 01-04-17 മുതൽ 31-03-18 വരെ |
| സെക്രട്ടറി | ശ്രീ. ടോബി തോമസ് | 01-04-17 മുതൽ 10-05-17 വരെ |
| | ശ്രീ. ജെയ്ക്ക് ജോസഫ്,സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ് ) | 11-05-17 മുതൽ 31-07-17 വരെ |
| | ശ്രീ. അൻസ് രാജ് ജെ. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (സെക്രട്ടറി ഇൻ ചാർജ്ജ് ) | 01-08-17 മുതൽ 08-09-17 വരെ |
| | ശ്രീ. ബി. അജയകുമാർ ഹെൽത്ത് സൂപ്പർവൈസർ (സെക്രട്ടറി ഇൻ ചാർജ്ജ് ) | 08-09-17 മുതൽ 31-03-18 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ. കെ. ജെ. ജോസ് | 01-04-17 മുതൽ 31-03-18 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അൻസ് രാജ് ജെ. | 01-04-17 മുതൽ 31-08-17വരെ |
| | ശ്രീ. നിസാർ എ. (അഡീഷണൽ ചാർജ്ജ്) | 01-09-17 മുതൽ 19-11-17വരെ |
| | ശ്രീ. അജു ബി. | 20-11-17 മുതൽ 31-03-18 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി റജിമോൾ പി. പി. | 01.04.2017 മുതൽ 07.01.2018 വരെ |
| | ശ്രീമതി ഷീജാമോൾ ജോസഫ് | 08.01.2018 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. നിർമ്മല പ്രിയദർശിനി | 01-04-17 മുതൽ 31-03-18 വരെ |
| സൂപ്രണ്ട് ജനറൽ ഹോസ്പിറ്റൽ | ഡോ. ബിൻസി റ്റി. കെ. | 01-04-17 മുതൽ 31-03-18 വരെ |
| പട്ടികജാതി വികസന ഓഫിസർ | ശ്രീമതി. പി. എൻ. പൊന്നമ്മ | 01-04-17 മുതൽ 31-03-18 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. എ. സുബിൻ | 01-04-17 മുതൽ 19-07-17 വരെ |
| | ശ്രീ. ഇ. എ. രജനി | 20-07-17 മുതൽ 31-03-18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഉഷ കെ. കെ | 01-04-17 മുതൽ 31-03-18 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ. സാബു ജോസഫ് (ഹെൽത്ത് സൂപ്പർവൈസർ ഇൻ ചാർജ്ജ്) | 01-04-17 മുതൽ 06-04-17 വരെ |
| | ശ്രീ. ബി. അജയകുമാർ | 06-04-17 മുതൽ 31-03-18 വരെ |
| സൂപ്രണ്ട് ഗവ. ആയുർവേദ ഹോസ്പിറ്റൽ | ഡോ. എസ്. ജയകുമാർ | 01-04-17 മുതൽ 31-07-17 വരെ |
| | ഡോ. ആർ. റോബർട്ട് രാജ് | 01-08-17 മുതൽ 31-10-17 വരെ |
| | ഡോ. ശ്രീലത എസ്. | 01-11-17 മുതൽ 31-03-18 വരെ |
| സൂപ്രണ്ട് ഗവ. ഹോമിയോ ഹോസ്പിറ്റൽ | ഡോ. കെ. അമ്മുക്കുട്ടി | 01-04-17 മുതൽ 31-07-17 വരെ |
| | ഡോ. ജോഷി തോമസ് | 01-08-17 മുതൽ 18-10-17 വരെ |
| | ഡോ. ഹരീന്ദ്രനാഥ് പി. | 19-10-17 മുതൽ 31-03-18 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | |

| | |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | സാംഖ്യാ രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല |
| 2-1-2 | ബാങ്ക് റികൺസിലിയേഷനിലെ അപാകതകൾ |
| 2-1-3 | പിൻവലിക്കലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2-2-1 | വസ്തുനികുതി – അർഹതയില്ലാത്ത ഇളവ് നൽകി |
| 2-2-2 | പ്രവേശന പാതകളുടെ വീതി കുറച്ച് രേഖപ്പെടുത്തി നികുതി വർദ്ധനവ് ഒഴിവാക്കി |
| 2-3-1 | തൊഴിൽ നികുതി – അപാകതകൾ |
| 2-3-2 | അഭിഭാഷകർ, ആധാരം എഴുത്തുകാർ, കരാറുകാർ, ടാക്സി വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-4 | ഡി & ഒ ലൈസൻസ് – അപാകതകൾ |
| 2-5 | കംഫർട്ട് സ്റ്റേഷൻ കുത്തക ലേലം – അപാകതകൾ |
| 2-6-1 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറായിട്ടില്ല – വാടകക്കാരുടെ അസോസിയേഷൻ പിരിച്ചെടുത്ത 19.6 ലക്ഷം രൂപ നഗരസഭയിൽ നിഷ്ക്രിയം |
| 2-6-2 | പൊതു താൽപ്പര്യം സംരക്ഷിക്കാതെയുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കൈമാറ്റം |
| 2-6-3 | കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നത് സംബന്ധിച്ച് |
| 2-7-1 | അർഹതയില്ലാത്തവർക്ക് നൽകിയ പെർമിറ്റ് ഫീസിളവ് റദ്ദ് ചെയ്തില്ല |
| 2-7-2 | അനുമതി വാങ്ങാതെയുള്ള കെട്ടിട നിർമ്മാണം – ക്രമവൽക്കരണത്തിനുള്ള ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-8 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുന്നില്ല |
| 2-9 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു |
| 2-10 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല |
| 2-11 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| 2-12 | ടെൻഡർ ഫാറവില സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഐ.കെ.എം.വിഹിതം – ഡിമാന്റിനേക്കാൾ കൂടുതൽ അടച്ചു |
| 3-2 | മൂന്നാനി ബസ്സ്റ്റാന്റ് സ്ഥലമെടുപ്പ് – തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണം |
| 3-3 | റോഡ് റോളർ നം.J 12460- നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല |
| | |

| | |
|---|---|
| 3-4 | മഹീന്ദ്ര ക്യാമ്പർ ജീപ്പ് – ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചില്ല |
| 3-5 | വാഹനങ്ങളുടെ പരിപാലനം |
| 3-6 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് – പൂർണ്ണമായി വിനിയോഗിക്കുന്നില്ല |
| 3-7 | മുനിസിപ്പൽ ഓഫീസ് നവീകരണം – പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചത് നിയമാനുസൃതമല്ല |
| 3-8 | മുനിസിപ്പൽ ടൗൺഹാൾ നവീകരണം അധിക തുക പിൻവലിച്ചു |
| 3-9 | 12-ാം മൈൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം ഫലപ്രദമായില്ല |
| 3-10 | മുനിസിപ്പൽ എ.സി.ഹാൾ മെയിന്റനൻസ് – നിർവ്വഹണം ഫലപ്രദമല്ല |
| 3-11 | സേവന നികുതിയിനത്തിൽ കരാറുകാരനം നൽകിയ തുക നഗരസഭാ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല |
| 3-12 | നഗരസഭ ആസ്തിയല്ലാത്ത റോഡിൽ മരാമത്ത് പ്രവൃത്തികൾ – നടപടി ക്രമവിരുദ്ധം |
| 3-13 | പ്ലാസ്റ്റിക് ഷ്രെഡിങ്ങ് മെഷീൻ സ്ഥാപിക്കൽ – മെഷീൻ സ്ഥാപിക്കാതെ നഗരസഭാ പാർക്കിങ്ങ് ഏരിയായിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-14 | ബാലസഭ – രണ്ടുവർഷം കൊണ്ട് ചെലവഴിക്കേണ്ട തുക ഒരുമിച്ച് ചെലവഴിച്ചു – ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് അടവാക്കണം |
| 3-15 | ഖരമാലിന്യ പരിപാലനം – ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല |
| 3-16 | യാചകപ്പുനരധിവാസം – സ്വകാര്യവ്യക്തി നടത്തുന്ന സ്ഥാപനത്തിന് സർക്കാർ ധനസഹായം |
| 3-17 | സ്വാപ്പ് ഷോപ്പ് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-18 | ആശ്രയ പ്രോജക്ട് – അക്കൗണ്ടിൽ പ്ലാൻഫണ്ട് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-19 | സോഡിയം വേപ്പർ ലാമ്പ് എ.എം.സി. – പ്രവൃത്തി പ്രോജക്ട് മുഖേന നടപ്പാക്കേണ്ടതാണ് |
| 3-20 | വിവിധ പ്രവൃത്തികൾക്കായി മുൻകൂർ അനുവദിച്ചത് – ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല |
| 3-21 | പെൻഷൻ ഫണ്ട് – ഗണ്യമായ തുക തനതുഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടി വരുന്നു |
| 3-22 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം – ലൈസൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 3-23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3-24 | ലാബ് റീയേജന്റുകൾ ലഭ്യമാക്കിയിട്ടില്ല – 18,594/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-25 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയില്ല |
| 3-26 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-27 | 2017-18 പദ്ധതിയിൽ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| | |

| | |
|---|---|
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

പാലാ നഗരസഭയുടെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 01.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 26.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 34614077/- | 60556046.53 | 25941969.53 | - |
| വരവ് | 375751470/- | 204441412/- | - | 171310058/- |
| ആകെ | 410365547/- | 264997458.53 | - | 145368088.47/- |
| ചെലവ് | 369783920/- | 225233423/- | - | 144550497/- |
| നീക്കിയിരിപ്പ് | 40581627/- | 39764035.53 | - | 817591.47/- |

2017-18 വർഷം 41 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 36.9കോടി രൂപയുടെ പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 26.49 കോടി രൂപയും ചെലവ് 22.5 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയേറെ അന്തരമുണ്ട് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ-286 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. പാലാ നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ പത്രിക നഗരസഭാ കൗൺസിലിൻറെ 28.07.2018-ലെ 22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2018 ലെ എ1-4824/18 നമ്പർ കത്ത് പ്രകാരം 31.07.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു. 01.09.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി17/1616/2018 നമ്പർ അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ട് പ്രകാരമുള്ള അപാകതകൾ പരിഹരിച്ച് 03.01.2019 ലെ എ1-4824/18 നമ്പർ കത്ത് പ്രകാരം 14.01.2019 തീയതിയിൽ ധനകാര്യ പത്രിക പുന:സമർപ്പിച്ചിട്ടുണ്ട്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാലാ നഗരസഭയുടെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.08.2018, 30.08.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 01.09.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി17/1616/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

പാലാ നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,05,56,046.53 |
| വരവ് | 20,44,41,412 |
| ആകെ | 26,49,97,458.53 |
| ചെലവ് | 22,52,33,423 |
| നീക്കിയിരിപ്പ് | 3,97,64,035.53 |

# 1-5 ഫണ്ട് വിനിയോഗം

പാലാ നഗരസഭയുടെ 2017-18 വർഷത്തെ വിവിധയിനം ഫണ്ടുകളുടെ വിനിമയം, വാർഷിക ധനകാര്യപത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 20411000 | 20411000 | 17198147 | 3212853 | 84 |
| വികസനഫണ്ട്-എസ് സി പി | 0 | 2359000 | 2359000 | 1142181 | 1216819 | 48 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്ഗ്രാന്റ്-റോഡ് | 0 | 21974353 | 21974353 | 16614690 | 5359663 | 76 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്ഗ്രാന്റ്-റോഡിതരം | 0 | 4527174 | 4527174 | 4206617 | 320557 | 93 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 20435528 | 20435528 | 19775971 | 659557 | 97 |
| ലോകബാങ്ക് വിഹിതം-കേന്ദ്രം | 0 | 2791748 | 2791748 | 2490165 | 301583 | 89 |
| ലോകബാങ്ക് വിഹിതം-സംസ്ഥാനം | 0 | 995471 | 995471 | -- | 995471 | 0 |
| സ്വഛഭാരത് മിഷൻ ഗ്രാന്റ് | 955704 | 400387 | 1356091 | 123635 | 1232456 | 9 |
| അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതി | 4940465 | 182465 | 5122930 | 1554050 | 3568880 | 30 |
| പിഎംഎവൈ | 0 | 4892658 | 4892658 | 3433918 | 1458740 | 70 |
| എൻയുഎൽ എം | 0 | 3299125 | 3299125 | 2932311 | 366814 | 89 |
| തനത് ഫണ്ട് | 58516532.98 | 67242571 | 125759103.98 | 92327327 | 33431776.98 | 27 |

ജനറൽ പർപ്പസ് ഫണ്ട് 8786685/-രൂപ 2017-18 വർഷം ലഭിച്ചിരുന്നു.

# 1-6 പദ്ധതി അവലോകനം

**പദ്ധതി രൂപീകരണം**

13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, വാർഡ്സഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമസഭാപൂർത്തീകരണം | 5-4-17 മുതൽ 13-5-17 വരെയുള്ള വിവിധ തീയതികൾ |
| വർക്കിങ്ങ് ഗ്രൂപ്പ് | 19-4-17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മെമ്പറുമാരുടെയും മീറ്റിങ്ങ് | 8-5-17 |
| ആസൂത്രണ സമിതി | 9-5-17 |
| വികസനസെമിനാർ | 03-6-17 |

**പദ്ധതി അംഗീകാരം**

പാലാ നഗരസഭയുടെ 22-01-2018 ന് കൂടിയ കൗൺസിൽ യോഗത്തിലെ 4-ാം നം തീരുമാനപ്രകാരം അംഗീകരിച്ച 2017-18-ലെ അന്തിമ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 01.2.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 11,34,09,150/- രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്.80 സ്പിൽ ഓവർ പ്രോജക്കുകളുൾപ്പെടെ ആകെ 219പ്രോജക്കുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

**പദ്ധതിനിർവ്വഹണം**

അഗീകാരം കിട്ടിയ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 163പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതിച്ചെലവ് കേവലം 54%മാത്രമാണ്.

2017-18 സാമ്പത്തികവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| സെക്രട്ടറി | 8 | 8 | 3781000 | 3240088 | 86 |
| കൃഷി ഓഫീസർ | 3 | 3 | 676500 | 199250 | 29 |
| വെറ്ററിനറിസർജൻ | 7 | 7 | 2635000 | 778250 | 30 |
| ഹെൽത്ത് സൂപ്പർവൈസർ | 12 | 9 | 11965000 | 8697729 | 73 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 2 | 2 | 550000 | 550000 | 100 |
| മെഡിക്കൽ ഓഫീസർ-ഗവ.ഹോസ്പിറ്റൽ | 5 | 4 | 965000 | 743492 | 77 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | - | 30,00,000 | -- | 0 |
| പട്ടികജാതി വികസന ഓഫീസർ | 3 | 2 | 1865000 | 600693 | 32 |
| മുനിസിപ്പൽ എഞ്ചിനീയർ | 112 | 89 | 59644866 | 37310041 | 63 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 7 | 4118250 | 3757059 | 91 |
| അസി.എഞ്ചിനീയർ | 43 | 15 | 23708534 | 5004741 | 21 |

പിഎംഎവൈ പദ്ധതിയിൽപ്പെടുത്തി 14 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി നഗരസഭാ വിഹിതമായി 14,65,000/-രൂപ നൽകിയിരുന്നു. നഗരസഭ വക മെഡിക്കൽ ലാബിൽ തൈറോയ്ഡ് ടെസ്റ്റിങ്ങ് മെഷീൻ വാങ്ങാനായി 9,32,200/- രൂപ ചെലവഴിച്ചിരുന്നു. സ്വയം തൊഴിൽ സംരഭകർക്ക് സബ്സിഡി നൽകുവാൻ ഉദ്ദേശിച്ച് ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 24,50,000/- രൂപ ഗുണഭോക്തൃ വിഹിതം ഉൾപ്പടെ 30,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ ഷീ ഓട്ടോ പദ്ധതി 2017-18 വർഷം നടപ്പാക്കുകയുണ്ടായില്ല. തൻമൂലം ആകെ പദ്ധതിച്ചെലവിലും കുറവ് വന്നിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 43 പ്രോജക്ടുകളിൽ 15 എണ്ണം മാത്രമാണ് 2017-18 വർഷം നടപ്പാക്കിയത്. ചെലവ് ശതമാനം 21% മാത്രമാണ്. പ്രൊജക്ടുകൾ തയ്യാറാക്കിയതിന് ശേഷം നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2017-18 വർഷം 170 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി 41,09,603/-രൂപ ചെലവഴിച്ചിരുന്നു. പിഎംഎവൈ ഭവനപദ്ധതിയിൽപ്പെടുത്തി 67 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു. വാർഷിക

പദ്ധതിയിൽ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് വൻതുകകൾ കൈമാറിയിട്ടുണ്ട്. ഉദാ- കൊട്ടാരമറ്റം ഷോപ്പിങ്ങ് കോംപ്ലക്സിന് അഞ്ചാം ഗഡു 37,54,903/-രൂപ നൽകിയത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താതെയാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

2017-18 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളും കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചിരുന്നു. എന്നാൽ പദ്ധതി മോണിറ്ററിങ്ങിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ലായെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് രേഖകളിൽ യോഗതീരുമാനങ്ങളും ചർച്ചാ വിഷയങ്ങളും രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

പൊതുഭരണം, നികുതി, നികുതി സംബന്ധമായ അപ്പീലുകൾ, ഓഡിറ്റ്, ബജറ്റ്, എന്നിവ കൈകാര്യം ചെയ്യുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമായിരുന്നു. എന്നാൽ വാർഷികകണക്കുകൾ കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിൽ നഗരസഭയ്ക്ക് വന്ന വീഴ്ചകൾ സ്റ്റാന്റിംഗ് കമ്മറ്റി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

<u>വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങളും നിർദ്ദേശങ്ങളും നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ച് പൊതുതീരുമാനമാക്കി ആയത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി</u>

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് ക്ലോസ് ചെയ്തിട്ടുണ്ട്.

# 1-7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി 2017-18-ൻെറ ഭാഗമായി നഗരസഭയിലെ 26 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 26 ലേബർ വാർഡ് സഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 227 പദ്ധതികളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 50 പ്രോജക്ടുകളിൽ 50 എണ്ണവും തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 26 വാർഡ് സഭകൾ സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം 3831 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 162 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പാലാ നഗരസഭയിലെ ആകെയുള്ള 132 അയൽക്കൂട്ടങ്ങളിൽ 52 അയൽക്കൂട്ടങ്ങൾ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നത്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച

കുടുംബങ്ങൾ ഇല്ല. ഭൂരിഭാഗം കുടുംബങ്ങൾക്കും 50 ൽ താഴെ തൊഴിൽ ദിനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഓട നിർമ്മാണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം തുടങ്ങിയവയാണ് പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബാങ്ക് ഓഫ് ബറോഡ, പാലാ ശാഖയിലെ അക്കൗണ്ട് നം. 33020100000637 മുഖേനയാണ് നടത്തുന്നത്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2017-18 വരവുചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4940465/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | ഇല്ല | 5122930/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 182465/- | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 1129702/- | 1554050/- |
| | ഉപകരണങ്ങളുടെ വില, വാടക | 23952/- | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | ഇല്ല | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 400396/- | |
| നീക്കിയിരിപ്പ് | | | 3568880/- |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 25 | 17850/- |
| കർഷകതൊഴിലാളി പെൻഷൻ | 111 | 1332300/- |
| വിധവാപെൻഷൻ | 450 | 5459200/- |
| വാർദ്ധക്യകാലപെൻഷൻ | 1162 | 15485200/- |
| വികലാംഗപെൻഷൻ | 131 | 1595500/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 39 | 385200/- |

## 1-9 ക്യാഷ് പരിശോധന

പാലാ നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2019 തീയതിയിൽ 3:45 PM-ന് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടേയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 206207/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

**ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും**

പാലാ നഗരസഭയിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. വിവിധ സെക്ഷനുകളുടെ ഏകോപനമില്ലായ്മ, അക്കൗണ്ട് സെക്ഷനുകളിൽ ജീവനക്കാരെ മാറിമാറി വിന്യസിക്കുക, ഇവയെല്ലാം നഗരസഭയുടെ ആകെയുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

നഗരസഭയിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിൽ നിരീക്ഷണ സംവിധാനമില്ല. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതുബുക്കുകളുടെ വിവരങ്ങൾ ചേർക്കുന്നില്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ, മിനിറ്റ്സ് ബുക്കുകൾ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവ സാമാന്യം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

**അക്കൗണ്ടിംഗ് സംവിധാനം**

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പാക്കിവരുന്നു. സാംഖ്യാരസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ ക്രമമായി അടുക്കി സൂക്ഷിക്കുന്നില്ല. എല്ലാ മാസത്തെയും മുഴുവൻ വൗച്ചറുകളുമില്ല (ഉദാ-നാലാം മാസത്തെ വൗച്ചറുകൾ). വൗച്ചറുകൾക്കൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല. പേയ്മെന്റ് വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്നുവെങ്കിലും ബന്ധപ്പെട്ട വൗച്ചറിനൊപ്പമല്ല ഇവ സൂക്ഷിക്കുന്നത്. കണ്ടിജന്റ് ചെലവുകളുടെ വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിലെ കുടിശിക തുകകൾ ഈടാക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണവും നിലവിലുണ്ട്.

**ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

നഗരസഭാ ആസ്തിയല്ലാത്ത റോഡുകളുടെ കോൺക്രീറ്റിങ്ങ് പ്രവൃത്തികളിലും നഗരസഭാ ഫണ്ടുപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നഗരസഭ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും വിവിധ മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2017 | 2016-17 | LBA/AR 2/15-16/1071 dtd 10.07.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.07.18 മുതൽ 27.07.18 വരെ | 2016-17 മുതൽ 2017-18 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# 1-12 വാർഷികകണക്കുകളുടെ അവലോകനം

വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26-2-11 ലെ ജി.ഒ.(എം.എസ്)152/11/തസ്വഭവ ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സർക്കാർ ഗ്രാന്റുകളുടെ വരവ് ചെലവ് വികസനഫണ്ട് (ജനറൽ), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നീയിനങ്ങളിൽ എസിആർ പ്രകാരമുള്ളതും ധനകാര്യപത്രിക പ്രകാരമുള്ളതും വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4. ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 പ്രകാരമുള്ള ബാധ്യതകളുടെ കൃത്യത വ്യക്തമല്ല. ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് ൽ 20-3-13 ൽ പ്ലാൻ ഫണ്ട് റീഫണ്ട് ഇനത്തിൽ ലഭിച്ച തുകയാണുള്ളത്.

5. ബി-4 ഷെഡ്യൂളിലെ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എസിആർ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ പ്രത്യേകാവശ്യത്തിനായി നൽകിയ അങ്കണവാടി പോഷകാഹാരം, അയ്യങ്കാളി തൊഴിലുറപ്പപദ്ധതി, ശുചിത്വമിഷൻ പദ്ധതികൾക്കായുള്ള തുകകൾ നിലനിൽക്കുന്നു.

6. ബി-5 ഷെഡ്യൂളിൽ കെയുആർഡിഎഫ്സി ലോൺ ഇനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക തെറ്റാണ്. വരവ് തുകയിൽ നിന്നും പലിശയിനത്തിലുള്ള തുക കുറച്ചുള്ള തുകയാണ് നീക്കിയിരിപ്പായി കണക്കാക്കിയിരിക്കുന്നത്. ലോൺ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

7. ബി-7 ഷെഡ്യൂളിൽ 2010 മുതലുള്ള ഡെപ്പോസിറ്റ് തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് റിസീവ്ഡ് ഫ്രം അദേഴ്സ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 47,08,278/- എന്ന തുക ഏതിനത്തിലേതെന്ന് വിശദീകരിക്കപ്പെട്ടില്ല.

8. ബി-13 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിലുള്ള തുക തെറ്റാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ലഭിച്ച പലിശ മുഴുവൻ ഉൾപ്പെടുത്തിയിട്ടില്ല.

9. ബി-15 ഷെഡ്യൂളിൽ ലൈസൻസ് ഫീ കുടിശ്ശികയും തന്നാണ്ടും തുകകൾ തെറ്റാണ്. ഡി.സി.ബി. രജിസ്റ്റർ പ്രകാരം മുൻവർഷ കുടിശ്ശിക ഇല്ലാത്തതും, തൻവർഷകുടിശ്ശിക 500/- രൂപയുമാണ് യഥാർത്ഥത്തിലുള്ളത്. കൂടാതെ other receivables കുടിശ്ശിക തന്നാണ്ട് - ഇനങ്ങളിൽ 4 കോടിയിലധികം രൂപ ബാലൻസ് നിൽക്കുന്നത് ഏതിനങ്ങളിലേതെന്ന് വ്യക്തമല്ല.

10. അഡ്വാൻസ് രജിസ്റ്റർ 10/17 മുതൽ സൂക്ഷിച്ചിട്ടുണ്ട്. ബി-18 ഷെഡ്യൂളിൽ മിസലേനിയസ് അഡ്വാൻസ്, ജീവനക്കാർക്കുള്ള മറ്റ് അഡ്വാൻസ് എന്നീയിനങ്ങളിലെ തുകകൾ യഥാർത്ഥത്തിൽ ക്രമീകരിച്ചിട്ടുള്ളതാണെങ്കിലും സാംഖ്യയിൽ അപ്ഡേഷൻ നടത്താത്തതാണ്.

11. ആർപി-6 ഷെഡ്യൂളിലെ കോൺട്രിബ്യൂഷൻ ടുവാർഡ്സ് സ്കീം എന്ന ഇനത്തിലെ വരവ് ഏതാണെന്ന് വ്യക്തമല്ല.

12. കെയുആർഡിഎഫ് സി ലോൺ പലിശ ആർ പി 13 ൽ മാത്രം ചേർക്കുന്നതിനു പകരം ആർ പി 25 ലും കൂടി രണ്ടായി തിരിച്ചു ചേർത്തിരിക്കുന്നു.

13. ആർ പി 40 ഷെഡ്യൂളിൽ നിലവിൽ ഉപയോഗിക്കാത്ത അക്കൗണ്ടുകളും ക്ലോസ് ചെയ്ത അക്കൗണ്ടുകളും ഉൾപ്പെടുത്തിയിരിക്കുന്നു. പിഎംഎവൈ അക്കൗണ്ടിലെ തുകകൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. നികുതി/നികുതിയേതര വരവിനങ്ങളുടെ ഡിസിബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

15. അയ്യങ്കാളി തൊഴിലുറപ്പപദ്ധതി കാഷ്ബുക്ക് പ്രകാരമുള്ള തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

16. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികയിൽ നിരവധി വർഷങ്ങളിലെ നൽകിയതും ലഭിച്ചതുമായ ചെക്കുകളുടെ മൂല്യം ക്രമീകരിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 സാംഖ്യാ രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല

2017-18 വർഷം, സാംഖ്യാ ക്യാൻസൽഡ് രസീതുകളൊന്നും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേഷനറി നം. |
|---|---|
| 1 | 0053073 |
| 2 | 0053253 |
| 3 | 0053431 |
| 4 | 0053642 |
| 5 | 0053901 |
| 6 | 0054001 |
| 7 | 0054031 |
| 8 | 0054494 |
| 9 | 0054500 |
| 10 | 0054622 |

ഇപ്രകാരം സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യാതിരിക്കുന്നത് പിന്നീട് രസീതുകളിൽ ക്രമക്കേടുകൾ നടത്തുന്നതിന് സാദ്ധ്യത നൽകുന്നു. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-1-2 ബാങ്ക് റീകൺസിലേഷനിലെ അപാകതകൾ

1.<u>രേഖകൾ ഹാജരാക്കിയിട്ടില്ല</u>

സ്ഥാപനത്തിന്റെ 2017-18 ബാലൻസ് ഷീറ്റ് പ്രകാരം പതിനെട്ടോളം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ടെങ്കിലും തനത് ഫണ്ടിന്റെ (57028192109- എസ്.ബി.ഐ) 31.03.18 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, പ്രതിമാസ റീകൺസിലേഷൻ പത്രികകൾ എന്നിവയും മറ്റ് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് , വിവിധ അക്കൗണ്ടുകളുടെ 31.03.18 ലെ മാത്രം ബാങ്ക് റീകൺസിലേഷൻ പത്രികകൾ എന്നിവയും മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിരുന്നത്. എല്ലാ അക്കൗണ്ടുകളുടെയും നാളിതു വരെയുള്ള ബാങ്ക് ബുക്ക്, പ്രതിമാസ റീകൺസിലേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കാൻ ഓഡിറ്റ് റിക്വസിഷൻ ( 2/4.2.19) നൽകിയിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ തനത് ഫണ്ട് ഒഴികെയുള്ള അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. റീകൺസിലിയേഷൻ പത്രികകളിലെ വിവിധ ശീർഷകങ്ങളിലുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31.03.18 തീയതിയിലെ റീകൺസിലേഷൻ പത്രികകൾ പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് , ഡയറക്ടിലി ക്രെഡിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകങ്ങളിൽ വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ | അക്കൗണ്ട് നം | ഡയറക്ടിലി ക്രെഡിറ്റഡ് ബൈ | ഡയറക്ടിലി ഡെബിറ്റഡ് ബൈ |
|---|---|---|---|

| നം | | ബാങ്ക് (ആകെ തുക) | ബാങ്ക് (ആകെ തുക) |
|---|---|---|---|
| 1 | 57028192109-എസ്.ബി.ഐ | 20572231.75 | 42596377.73 |
| 2 | 67314843109-എസ്.ബി.ഐ | 1284930 | 837313.50 |
| 3 | 33020100001444-ബി.ഓ.ബി | 39629 | - |
| 4 | ട്രഷറി ടി.എസ്.ബി | 162942 | - |
| 5 | കെ.ഡി.സി.ബി-4030 | 70381 | - |
| 6 | 67134840021-എസ്.ബി.ഐ | - | 426770 |
| 7 | സ്വച്ഛ ഭാരത്-ഐ.സി.ഐ.സി.ഐ | 986504 | - |
| 8 | എ.യു.ജി.എസ്-ബി.ഓ.ബി | 997993 | 689328 |
| 9 | ടി.എസ്.ബി (തനത് ഫണ്ട്) | 493230 | - |
| 10 | എസ്.ബി.ടി ഓൺലൈൻ-67308514364 | 373784 | 373784 |
| ആകെ | | 24981624 | 44923572 |

പ്രസ്തുത തുകകളുടെ വരവ്/ പിൻവലിക്കലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതിനും മുൻകൂട്ടി കാണാൻ സാധിക്കാതെ അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെടുന്ന തുകകൾ (ഉദാ ബാങ്ക് ചാർജ്ജ്) വരുന്ന ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ശീർഷകത്തിൽ 44923572 രൂപ അവശേഷിക്കുന്നതെങ്ങനെയെന്നും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/12.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

# 2-1-3 പിൻവലിക്കലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

57028192109 (തനത് ഫണ്ട്- എസ്.ബി.ഐ)എന്ന അക്കൗണ്ടിൽ നിന്ന് നടത്തിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന പിൻവലിക്കലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പിൻവലിച്ച തീയതി | ചെക്ക് നമ്പർ | തുക (രൂപ) |
|---|---|---|---|
| 1 | 03.04.17 | 664763 | 21,05,649 |
| 2 | 03.04.17 | 664758 | 14,796 |
| 3 | 04.04.17 | 664765 | 32,000 |
| 4 | 05.04.17 | 664762 | 5,718 |
| 5 | 07.04.17 | 664789 | 5,760 |

| | | | |
|---|---|---|---|
| 6 | 07.04.17 | ലഭ്യമല്ല | 57,820 |
| 7 | 11.04.17 | 756212 | 25,180 |
| 8 | 20.04.17 | ലഭ്യമല്ല | 15,668 |
| 9 | 04.05.17 | 756252 | 10,560 |
| 10 | 11.05.17 | 756205 | 5,190 |
| 11 | 24.05.17 | 756278 | 4,86,136 |
| 12 | 24.05.17 | 756283 | 8,74,284 |
| 13 | 26.05.17 | ലഭ്യമല്ല | 2,02,225 |
| 14 | 26.05.17 | ലഭ്യമല്ല | 2,22,247 |
| 15 | 02.06.17 | 756298 | 76,572 |
| 16 | 05.06.17 | 756293 | 33,940 |
| 17 | 09.06.17 | 838070 | 12,210 |
| 18 | 27.06.17 | 838107 | 31,791 |
| 19 | 29.06.17 | 63351 | 4,76,720 |
| 20 | 04.07.17 | ലഭ്യമല്ല | 1,08,960 |
| 21 | 25.07.17 | 63414 | 38,874 |
| 22 | 26.07.17 | 63416 | 39,529 |
| 23 | 27.07.17 | 63424 | 50,000 |
| 24 | 02.08.17 | ലഭ്യമല്ല | 1,09,140 |
| 25 | 03.08.17 | 63443 | 10,28,853 |
| 26 | 03.08.17 | 63444 | 5,78,316 |
| 27 | 04.08.17 | 99668 | 7,224 |
| 28 | 04.08.17 | 99655 | 15,240 |
| 29 | 04.08.17 | 99663 | 12,182 |
| 30 | 04.08.17 | 99662 | 11,627 |
| 31 | 04.08.17 | 99657 | 13,305 |
| 32 | 05.08.17 | 99673 | 9,000 |
| 33 | 07.08.17 | 99680 | 19,875 |
| 34 | 13.09.17 | 838105 | 7500 |
| 35 | 23.08.17 | 99697 | 71,181 |
| 36 | 31.08.17 | 99700 | 25,800 |
| 37 | 08.09.17 | ലഭ്യമല്ല | 1,08,435 |
| 38 | 13.9.17 | 838094 | 2,27,728 |
| 39 | 25.09.17 | 181165 | 33,000 |

| | | | |
|---|---|---|---|
| 40 | 26.09.17 | 181167 | 8,45,208 |
| 41 | 28.09.17 | 181174 | 17,418 |

പ്രസ്തുത പിൻവലിക്കലുകൾ സംബന്ധിച്ച് ബാങ്ക് ബുക്ക്, ക്യാഷ്ബുക്ക് എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലെന്ന് കാണുന്നു. ടി തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/14.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

# 2-2-1 വസ്തുനികുതി-അർഹതയില്ലാത്ത ഇളവ് നല്കി

14-1-2017ലെ വസ്തുനികുതി പരിഷ്കരണ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണ്ണയത്തിനായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ പ്രധാനമായും 10 ഇനങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ 5 ഉപവിഭാഗങ്ങളായും തിരിച്ചിട്ടുണ്ട്. ഇതിൽ 1ാം ഉപവിഭാഗമായ 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ളതും ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 55/- രൂപയും 100 ചതുരശ്രമീറ്ററിന് മുകളിലുള്ളവക്ക് 75/- രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. 100 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്ന ആവശ്യത്തിനായി വിഭജിച്ച് നമ്പരുകൾ നല്കുമ്പോഴും ചതുരശ്രമീറ്ററിന് 75/- രൂപ ബാധകമാണെന്നിരിക്കെ (ഉപവിഭാഗം 2 പ്രകാരമുള്ള 100 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടമായതിനാൽ) 100 ചതുരശ്രമീറ്ററിന് താഴെയുള്ളവയ്ക്ക് ബാധകമായ നിരക്ക് കണക്കാക്കി നികുതി നിശ്ചയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിടനമ്പർ, ഉടമയുടെ പേര് വിലാസം | കെട്ടിട നമ്പർ, തറവിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന നികുതി 55/ ച.മീ | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി 75/ ച.മീ |
|---|---|---|---|
| ഇമ്മാനുവേൽ തോമസ് രാമപുരം | 24/101-47.85 | 2631.75 | 3588.75 |
| | 24/102-23.91 | 1315.05 | 1793.25 |
| | 24/103-23.91 | 1315.05 | 1793.25 |
| | 24/104-23.91 | 1315.05 | 1793.25 |
| | ആകെ 119.58 | 6576.90 | 8968.50* |

(*അടിസ്ഥാന നികുതിയാണ് കണക്കാക്കിയിരിക്കുന്നത് ഇളവുകൾക്കും വർദ്ധനവിനും വിധേയമായി നികുതി വ്യത്യാസപ്പെടും).

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/11.02.19) മറുപടി നല്കിയിട്ടില്ല. 100ച.മീ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിച്ച് ഈടാക്കുന്ന നികുതിയിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-2-2 പ്രവേശന പാതകളുടെ വീതി കുറച്ച് രേഖപ്പെടുത്തി നികുതി വർദ്ധനവ് ഒഴിവാക്കി

കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ് നല്കണം. എന്നാൽ 2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ പല കെട്ടിടങ്ങൾക്കും പ്രവേശന പാതയുടെ വീതി കുറച്ച് രേഖപ്പെടുത്തിയതിനാൽ നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ /ഉടമ<br>തറ വിസ്തീർണ്ണം<br>ഉപയോഗം | നിർണ്ണയിച്ച നികതി | ഈടാക്കേണ്ടത് | കുറവ് വന്നത് |
|---|---|---|---|
| 23/44-1<br>പ്രൊവിൻഷ്യൽ സുപ്പീരിയർ,സാൻഡാമിയാനോ<br>പുലിയന്നൂർ<br>1111.71ച.മീ<br>ആശുപത്രി @10/ച.മീ | അടിസ്ഥാന നികുതി-11117.1<br>വർദ്ധനവ്<br>തറനിർമ്മിതി 15%-1667.565<br>കുറവ് -ഇല്ല<br>ആകെ നികുതി-12785.<br>ഗ്രന്ഥശാലാവരി -640<br>ആകെ-13425 | അടിസ്ഥാന നികുതി-11117.1<br>വർദ്ധനവ്<br>തറ നിർമ്മിതി 15%-1667.565<br>5മീറ്ററിൽ കൂടിയ റോഡ് 20%-2223.42<br>കുറവ് -ഇല്ല<br>ആകെ നികുതി-15008<br>ഗ്രന്ഥശാലാവരി -750<br>ആകെ-15758 | നികുതി-2223<br>ഗ്രന്ഥശാലാവരി-110<br>ആകെ-2333/- |
| 23/44-2<br>പ്രൊവിൻഷ്യൽ സുപ്പീരിയർ,സാൻഡാമിയാനോ<br>പുലിയന്നൂർ<br>985.52ച.മീ<br>ആശുപത്രി @10/ച.മീ | അടിസ്ഥാന നികുതി-9855.2<br>വർദ്ധനവ്<br>തറനിർമ്മിതി 15%-1478.28<br>കുറവ് -ഇല്ല<br>ആകെ നികുതി-11334<br>ഗ്രന്ഥശാലാവരി -567<br>ആകെ-11901 | അടിസ്ഥാന നികുതി-9855.2<br>വർദ്ധനവ്<br>തറനിർമ്മിതി 15%-1478.28<br>5മീറ്ററിൽ കൂടിയ റോഡ് 20%-1971.04<br>കുറവ് -ഇല്ല<br>ആകെ നികുതി-13305<br>ഗ്രന്ഥശാലാവരി -665<br>ആകെ-13970 | നികുതി-1971<br>ഗ്രന്ഥശാലാവരി-98<br>ആകെ-2069/- |
| 23/44-3<br>പ്രൊവിൻഷ്യൽ സുപ്പീരിയർ,സാൻഡാമിയാനോ | അടിസ്ഥാന നികുതി-7587.9<br>വർദ്ധനവ് | അടിസ്ഥാന നികുതി-7587.9<br>വർദ്ധനവ് | നികുതി-1516<br>ഗ്രന്ഥശാലാവരി-75<br>ആകെ-1591/- |

| | | | |
|---|---|---|---|
| പുലിയന്നൂർ<br>758.79ച.മീ<br>ആശുപത്രി @10/ച.മീ | തറനിർമ്മിതി<br>15%-1138.185<br>കുറവ് -ഇല്ല<br>ആകെ നികുതി-8727<br>ഗ്രന്ഥശാലാവരി -437<br>ആകെ-9164 | തറനിർമ്മിതി<br>15%-1138.185<br>5മീറ്ററിൽ കൂടിയ റോഡ്<br>20%-1517.58<br>കുറവ് -ഇല്ല<br>ആകെ നികുതി-10243<br>ഗ്രന്ഥശാലാവരി -512<br>ആകെ-10755 | |
| 23/231-3<br>എബീറ്റ് ജോസ്<br>കുഴിക്കാട്ട് ചാലിൽ,പാലാ<br>1018.28ച.മീ<br>വാണിജ്യം @75/ച.മീ | അടിസ്ഥാന നികുതി-76371<br>വർദ്ധനവ്<br>തറനിർമ്മിതി<br>15%-11455.65<br>കുറവ് -ഇല്ല<br>ആകെ നികുതി-87827/-<br>ഗ്രന്ഥശാലാവരി -4392<br>ആകെ-92219 | അടിസ്ഥാന നികുതി-76371<br>വർദ്ധനവ്<br>തറനിർമ്മിതി<br>15%-11455.65<br>5മീറ്ററിൽ കൂടിയ റോഡ്<br>20%-15274/-<br>കുറവ് -ഇല്ല<br>ആകെ നികുതി-103101/-<br>ഗ്രന്ഥശാലാവരി -5155<br>ആകെ-108256/- | നികുതി-15274/-<br>ഗ്രന്ഥശാലാവരി-763<br>ആകെ-16037/- |
| 23/231-4<br>എബീറ്റ് ജോസ് കുഴിക്കാട്ട് ചാലിൽ,പാലാ<br>1005.84ച.മീ<br>വാണിജ്യം @75/ച.മീ | അടിസ്ഥാന നികുതി-75438/-<br>വർദ്ധനവ്<br>തറനിർമ്മിതി<br>15%-11315.7<br>കുറവ് -<br>മേല്ക്കൂര 10%-7543.8<br>ആകെനികുതി-79210/-<br>ചട്ടം9(5) നള്ള കിഴിവിന് ശേഷം | അടിസ്ഥാന നികുതി-75438<br>വർദ്ധനവ്<br>തറനിർമ്മിതി<br>15%-11315.7<br>5മീറ്ററിൽ കൂടിയ റോഡ്<br>20%-15087/-<br>കുറവ് -<br>മേല്ക്കൂര-7543.8 | നികുതി-14333/-<br>ഗ്രന്ഥശാലാവരി-716<br>ആകെ-15049/- |

| | | | |
|---|---|---|---|
| | 75250/-(5% ആദ്യ നില)നികുതി<br>ഗ്രന്ഥശാലാവരി -3763<br>ആകെ-79013/- | ആകെ നികുതി-94297/-<br>ചട്ടം9(5) നല്ല കിഴിവിന് ശേഷം89583/- (5% ആദ്യ നില)<br>ഗ്രന്ഥശാലാവരി -4479/-<br>ആകെ-94062/- | |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിനൊപ്പമുള്ള പ്ലാനിന്റെ ഭാഗമായ ലൊക്കേഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനം 5.9 മീ മുതൽ 11 മീറ്റർ വരെ വീതിയുള്ള റോഡുകളിൽ നിന്നാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/11.02.19) മറുപടി നല്കിയിട്ടില്ല. ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കെട്ടിട ഉടമകളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും കുറവു വന്ന തുക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. കൂടാതെ സമാന രീതിയിലുള്ള അപാകത മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയങ്ങളിൽ ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-3-1 തൊഴിൽ നികുതി- അപാകതകൾ

1. <u>രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

പാലാ മുനിസിപ്പാലിറ്റിയിൽ നിലവിൽ തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷക്കുന്നില്ല. പരിശോധക്കായി ഹാജരാക്കിയ തൊഴിൽ നികുതി സംബന്ധിച്ച പ്രിന്റൗട്ടുകളിൽ ജീവനക്കാരുടെ ആകെ എണ്ണവും സ്ഥാപനത്തിൽ നിന്ന് ഈടാക്കിയ ആകെ തൊഴിൽ നികുതിയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്താത്തതിനാൽ വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാകുന്നില്ല. ജീവനക്കാർ നൽകുന്ന സ്റ്റേറ്റ്മെന്റും അപൂർണ്ണമാണ്.

2. <u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

പരിശോധക്കായി ഹാജരാക്കിയ തൊഴിൽ നികുതി സംബന്ധിച്ച രേഖകളിൽ നിന്ന് (പ്രിന്റൗട്ടുകൾ) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും വിറ്റു വരവിനു ആനുപാതികമായ സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽനികുതി ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|
| 1 | മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |
| 2 | കെൻ ലാബ് ടെക്നോളജീസ് | 2 |
| 3 | ജെൻ ലൈറ്റ് & ഇലക്ട്രിക്കൽസ് | 2 |
| 4 | എൽസ ട്രേഡിംഗ് | 2 |
| 5 | പ്രഗതി ക്രിയേഷൻസ് | 2 |
| 6 | കൈരളി ഫോർഡ് | 2 |
| | | |

| | | |
|---|---|---|
| 7 | പി.ജെ.ജെ ഹൈപ്പർമാർക്കറ്റ് | 2 |
| 8 | സെന്റ്.ജ്യൂഡ് ക്ലിനിക് | 2 |
| 9 | നാരായണൻ നമ്പൂതിരി അസോസിയേറ്റ്സ് | 2 |
| 10 | കടത്തോട് ഫിനാൻസ് | 1,2 |
| 11 | പാലാ മർക്കന്റൈൽ ബാങ്കേഴ്സ് | 1,2 |
| 12 | കൊട്ടിയാനിയിൽ ഫർണ്ണീച്ചർ | 2 |
| 13 | സർവ്വീസ് സ്റ്റേഷൻ (ജോഫി ജോസ്) | 1,2 |
| 14 | സ്കൈ ലൈൻ | 1,2 |
| 15 | ബീറ്റ ലെതർ വർക്സ് | 1,2 |
| 16 | കാനോൻ പോളിമർ ക്യാരി ബാഗ് മേക്കിംഗ് | 2 |
| 17 | ഹോട്ടൽ ന്യൂ അശോക | 2 |
| 18 | തോട്ടുങ്കൽ പെട്രോൾ പമ്പ് | 2 |
| 19 | ഈസ്റ്റേൺ വെൽനെസ്സ് ഹോമിയോ ക്ലിനിക് | 2 |
| 20 | ജീവ റെസ്റ്റോറന്റ് | 2 |
| 21 | വെബ് കോർണർ കമ്പ്യൂട്ടർ സെന്റർ | 2 |
| 22 | റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് കമ്പനി | 1,2 |
| 23 | പടിഞ്ഞാറേക്കര ടൂറിസ്റ്റ് ഹോം | 1,2 |
| 24 | പ്രിന്റ് മാർക്ക് ഓഫ്സെറ്റ് പ്രിന്റേഴ്സ് | 1,2 |
| 25 | കാർവി സ്റ്റോക്ക് ബ്രോക്കിംഗ് | 1,2 |
| 26 | മാക്സ് ഇലക്ട്രിക്കൽ വേൾഡ് | 1,2 |
| 27 | കാർവി സ്റ്റോക്ക് ബ്രോക്കിംഗ് | 1,2 |
| 28 | ഇൻഡി ട്രേഡ് ഷെയർ മാർക്കറ്റിംഗ് | 1,2 |
| 29 | തകിടിയേൽ ഡിജിറ്റൽ സ്റ്റുഡിയോ | 1,2 |
| 30 | എസ്.ബി.ഐ ഇൻ ടച്ച്, പാല | 2 |
| 31 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് | 2 |
| 32 | ഗംഗ കോഫീ കോർണ്ണർ | 2 |
| 33 | കെ.എസ്.ഇ.ബി, പാല | 2 |
| 34 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 2 |
| 35 | നെറ്റ് സ്മിത്ത് ഇൻഫോ സൊല്യൂഷൻ | 2 |
| 36 | ആൻ ഡിജിറ്റൽ സൊല്യൂഷൻ | 1,2 |
| 37 | മരിയ ഡയഗണോസ്റ്റിക് സെന്റർ | 1,2 |
| 38 | സ്റ്റാർ വിഷൻ കേബിൾ നെറ്റ്വർക്ക് | 1,2 |
| 39 | ഐ.സി.ഐ.സി.ഐ പ്രൂഡൻഷ്യൽ | 2 |

| | | |
|---|---|---|
| | ഇൻഷുറൻസ് | |
| 40 | ഐ.സി.ഐ.സി.ഐ ബാങ്ക്, കൊട്ടാരമറ്റം | 2 |
| 41 | ഐ.ഡി.ബി.ഐ ബാങ്ക്,കൊട്ടാരമറ്റം | 2 |
| 42 | മുത്തൂറ്റ് ഫിനാൻസ് | 2 |
| 43 | കേരള മാട്രിമോണിയൽ | 2 |
| 44 | ഫ്യൂച്ചർ ലൈഫ് ഫാഷൻ | 2 |
| 45 | എൽ.ഐ.സി. പോളിസി സർവ്വീസ് സെന്റർ | 2 |
| 46 | ഇൻഡസ് ഇൻഡ് ബാങ്ക് | 2 |
| 47 | മഹേന്ദ്ര ഫിനാൻസ് സർവ്വീസ് | 2 |
| 48 | വെള്ളാപ്പള്ളി ഹോംസ്റ്റേ | 2 |
| 49 | കാനറ ബാങ്ക്, പാല | 2 |
| 50 | സൗത്ത് ഇൻഡ്യൻ ബാങ്ക്, പാല | 2 |
| 51 | നാഷണൽ ഇൻഷുറൻസ്, പാല | 2 |
| 52 | പോപ്പുലർ വെഹിക്കിൾ & സർവ്വീസസ് | 2 |
| 53 | മണപ്പുറം ഫിനാൻസ്, കൊട്ടാരമറ്റം | 2 |
| 54 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ്, പാല | 2 |
| 55 | കെ.എസ്.ഇ.ബി ഡിവിഷണൽ ഓഫീസ് | 2 |
| 56 | സെന്റ് മേരീസ് ഹൈസ്കൂൾ | 2 |
| 57 | യു.എ.ഇ ഫിനാൻഷ്യൽ സർവ്വീസസ് | 2 |
| 58 | മാഞ്ഞൂരാൻസ്, ഐ.എൽ.ടി.എസ് | 2 |
| 59 | സെലിബ്രസ് ക്യാപ്പിറ്റൽ | 2 |
| 60 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ് | 2 |
| 62 | കൊശമറ്റം ഫിനാൻസ് | 2 |
| 63 | ധനലക്ഷ്മി ബാങ്ക് | 2 |
| 64 | ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | 2 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, വിറ്റ്വരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/11.2.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. നഗരസഭക്ക് ഗണ്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും ഈടാക്കുന്നതിനും നഗരസഭ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 2-3-2 അഭിഭാഷകർ, ആധാരം എഴുത്തുകാർ, കരാറുകാർ, ടാക്സി വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽ

# നികുതി ഈടാക്കുന്നില്ല.

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, ചട്ടം 3 (9-ൽ) ഉൾപ്പെടുന്ന ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), ചട്ടം 3 (10)-ൽ ഉൾപ്പെടുന്ന കരാറുകാർ തുടങ്ങിയവരിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. നഗരസഭാ പരിധിയിൽ കോടതികളും ഒരു സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും നഗരസഭ നികുതി ചുമത്തിയിട്ടില്ല. അഭിഭാഷകരെ സംബന്ധിച്ച വിവരങ്ങൾ ബാർ അസോസിയേഷനിൽനിന്നും ലൈസൻസുള്ള ആധാരം എഴുത്തുകാരെ സംബന്ധിച്ച വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രജിസ്റ്റേർഡ് കരാറുകാരുടെ വിവരങ്ങൾ മുനിസിപ്പാലിറ്റി രേഖകളിൽ നിന്നും ലഭ്യമാക്കി മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും കരാറുകാർക്കും നികുതി ചുമത്തേണ്ടതാണ്. ടാക്സി കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ് ഇവ രണ്ടോ അതിൽ കൂടുതലോ ഉള്ളവർ, യാത്രക്കാരെ കയറ്റുന്നതിനോ, ചരക്കിറക്കുന്നതിനോ ഉള്ള ഓട്ടോറിക്ഷ മൂന്നെണ്ണമോ കൂടുതലോ ഉള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പാല നഗരസഭയിൽ ഈ വിഭാഗത്തിൽപ്പെട്ട ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/12.02.2019) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-4 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. മുനിസിപ്പാലിറ്റിയിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും നഗരസഭയിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 2991 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 865 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 55 |
| സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം, ലോഡ്ജ് | 249 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 16 |
| ഓഫീസ് ആവശ്യം | 504 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 22 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 54 |
| ആകെ എണ്ണം | 4756 |

സഞ്ചയയിലെ വിശദാംശം പ്രകാരം നഗരസഭാ പരിധിയിൽ 4,756 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ആയിരത്തോളം ലൈസൻസുകൾ മാത്രമാണ് തൻവർഷം നഗരസഭ നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ നഗരസഭയുടെ

ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭാഫണ്ടിന് കനത്ത നഷ്ടവും ഉണ്ടാകുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

# 2-5 കംഫർട്ട് സ്റ്റേഷൻ കുത്തക ലേലം- അപാകതകൾ

1) <u>കൊട്ടാരമറ്റം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ- ലേലത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

കുത്തക ലേലവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധിച്ചതിൽ, കൊട്ടാരമറ്റം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവിനായുള്ള 2017-18 സാമ്പത്തിക വർഷത്തെ കുത്തക ലേലം 25/03/17 തീയതി നടത്തുകയും ശ്രീ ഹംസക്കോയ എന്നയാൾ 3,06,000/- രൂപയ്ക്ക് ലേലം കൊള്ളുകയും ചെയ്തിട്ടുള്ളതാണെന്ന് കാണുന്നു. എന്നാൽ 2018-19 വർഷത്തെ ലേലത്തിൽ പ്രസ്തുത കംഫർട്ട് സ്റ്റേഷൻ ഉൾപ്പെടുത്തിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (30/14.02.18) പ്രസ്തുത കംഫർട്ട് സ്റ്റേഷൻ സെപ്റ്റിക് ടാങ്ക് നിറഞ്ഞ് മാലിന്യം പുറത്തേക്ക് ഒഴുകുന്ന സാഹചര്യം ഉണ്ടായതായും തുടർന്ന് നഗരസഭ ഹെൽത്ത് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ സെപ്റ്റിക് ടാങ്കിനു മുകളിൽ തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതിനാൽ സ്ലാബ് നീക്കം ചെയ്ത് മാലിന്യം നീക്കം ചെയ്യാൻ സാധിച്ചില്ലായെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ആയതിനാൽ കംഫർട്ട് സ്റ്റേഷൻ അടച്ചിടുന്നതിനും പുതിയ ടോയ്‌ലറ്റ് കോംപ്ലക്സ് തുറന്ന് കൊടുക്കുന്നതിനും പഴയ കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ നിന്ന് ഒഴിവാക്കുന്നതിന് കൗൺസിൽ തീരുമാനിച്ചതായും മറുപടിയിൽ പറയുന്നു. ദീർഘവീക്ഷണമില്ലാതെ കംഫർട്ട് സ്റ്റേഷന്റെ സെപ്റ്റിക് ടാങ്കിനു മുകളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതിനാൽ പഴയ കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് നിലക്കുകയും പുതിയ കംഫർട്ട് സ്റ്റേഷൻ പണിയുന്നതിനുള്ള തുക (ചെലവ്) മുനിസിപ്പാലിറ്റിക്ക് കണ്ടെത്തേണ്ടി വരികയും ചെയ്തു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. <u>മുനിസിപ്പാലിറ്റിയുടെ ആസ്തികൾ നിഷ്ക്രിയാസ്തികൾ ആയി തുടരുന്നു</u>

2017-18 ലേല ഡയറിയും നോട്ട് ഫയലുകളും പരിശോധിച്ചതിൽ, പാലാ മുനിസിപ്പാലിറ്റിയുടെ ടൗൺ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, കുരിശുപള്ളി ജംഗ്ഷൻ, കംഫർട്ട് സ്റ്റേഷൻ, ളാലം പാലം ജംഗ്ഷൻ കംഫർട്ട് സ്റ്റേഷൻ, റിവർവ്യൂ റോഡ് കംഫർട്ട് സ്റ്റേഷൻ എന്നീ ആസ്തികൾ ലേലം ചെയ്യുന്നതിനായി 13.03.17, 25.03.17 തീയതികളിൽ ലേലം/ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ലെന്ന് കാണുന്നു. 2,75,000/- രൂപ വീതമായിരുന്നു ഓരോ കംഫർട്ട് സ്റ്റേഷനും നിശ്ചയിച്ചിരുന്ന ലേല സംഖ്യ. 29.03.17, 14.06.17 തീയതികളിൽ ഓഫർ ക്ഷണിച്ചിരുന്നെങ്കിലും ഒരു ഓഫർ പോലും ലഭിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത കംഫർട്ട് സ്റ്റേഷനുകൾ 13.07.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പൊതു ജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചു. 2016-17 സാമ്പത്തീക വർഷവും സമാനമായ സാഹചര്യമായിരുന്നുവെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. പ്രസ്തുത കംഫർട്ട് സ്റ്റേഷനുകൾ ലേലത്തിൽ എടുക്കാൻ ആരും തയ്യാറാകാത്തതെന്തെന്ന് അന്വേഷണം നടത്തേണ്ടതും വരും വർഷങ്ങളിലെങ്കിലും പ്രസ്തുത ആസ്തികൾ നിഷ്ക്രിയാസ്തികളായി തുടരുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 2-6-1 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ തയ്യാറായിട്ടില്ല- വാടകക്കാരുടെഅസോസിയേഷൻ പിരിച്ചെടുത്ത 19.6 ലക്ഷം രൂപ നഗരസഭയിൽ നിഷ്ക്രിയം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കൊട്ടാരമറ്റം, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സുകളുടെ പ്രവർത്തനത്തിന് ബൈലോ തയ്യാറാക്കുകയും അംഗീകാരത്തിന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിൽ മുറി വാടകക്ക് എടുക്കുന്നവരുടെ അസോസിയേഷൻ രൂപീകരിക്കുന്നതിനും വാടകയുടെ 20% അധികമായി വാങ്ങി അസോസിയേഷന് നല്കുന്നതിനും അസോസിയേഷൻ ഈ തുക ഉപയോഗിച്ച് കെട്ടിടമെയിന്റനൻസ്, പൊതു

ശുചീകരണം, സെക്യൂരിറ്റി തുടങ്ങിയവ ഏർപ്പെടുത്തുന്നതിനും ആയിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രസ്തുത ബൈലോയ്ക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

വിശദമായ പരിശോധനയിൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 334(എ)ബി പ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. സ്ഥലപരിമിതിയുള്ള കാര്യത്തിൽ നഗരസഭയ്ക്ക് ഫീസീടാക്കി മാലിന്യം ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തന ലൈസൻസ് നല്കുമ്പോൾ മാലിന്യസംസ്കരണസംവിധാനം ഉറപ്പു വരുത്തേണ്ടതുണ്ട്. സർവ്വോപരി മാലിന്യസംസ്കരണം തദ്ദേശ സ്ഥാപനത്തിന്റെ അനിവാര്യചുമതലയുമാണ് ഈ സാഹചര്യത്തിൽ പൊതു ശുചീകരണ ചുമതല അസോസിയേഷൻ രൂപീകരിച്ച് അവർക്ക് കൈമാറുന്നത് നിയമാനുസൃതമല്ല. കൂടാതെ കെട്ടിടത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം നഗരസഭയ്ക്കായതിനാൽ കെട്ടിടത്തിന്റെ മെയിന്റനൻസ് ചുമതല നഗരസഭയ്ക്കാണ്. ഇതിന് കൂടിയുള്ള വാടകനിരക്കാണ് നഗരസഭ നിശ്ചയിക്കുന്നത്. നഗരസഭയ്ക്കു കീഴിൽ നിയമാനുസൃതമല്ലാത്ത അധികാരസ്ഥാനം കൂടി സൃഷ്ടിക്കപ്പെടുന്നതിന് അസോസിയേഷൻ രൂപീകരണം ഇടയാക്കിയേക്കാം.

അസോസിയേഷന് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ വാടകക്കാരിൽ നിന്നും പിരിച്ചെടുത്ത 19.6ലക്ഷം രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. നിലവിൽ അധിക തുക പിരിക്കുന്നത് നിർത്തി വച്ചിരിക്കുകയുമാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ളതും വാടകയ്ക്ക് നല്കിയിരിക്കുന്നതുമായ കടമുറികളുടെ സുതാര്യമായ പ്രവർത്തനത്തിന് ബൈലോ അനിവാര്യമാണെന്നിരിക്കെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നഗരസഭ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 2-6-2 പൊതു താല്പര്യം സംരക്ഷിക്കാതെയുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കൈമാറ്റം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നല്കുന്നതിന് നഗരസഭ കൗൺസിൽ അംഗീകരിച്ച വാടക നിബന്ധനകൾ മാത്രമാണ് നിലവിലുള്ളത്. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. നിലവിലെ നിബന്ധനകൾ പ്രകാരം മുറി വിട്ടൊഴിയുന്നതിന് 3 കലണ്ടർ മാസം മുൻപേ രേഖാമൂലം ആവശ്യപ്പെട്ടാൽ മതിയാകും. മുറി ഒഴിയുന്ന ആൾക്ക് സമ്മതമെങ്കിൽ കൗൺസിലിന്റെ അനുമതിയോടെ മറ്റൊരാൾക്ക് കൈമാറുന്ന രീതിയും (യുക്തമെന്ന് തോന്നുന്ന കാരണം രേഖപ്പെടുത്തിയിട്ടില്ല), മുറി എടുത്തയാൾ പാർട്ണർഷിപ്പ് ഡീഡ് പ്രകാരം കൂടുതൽ ആളുകളെ ബിസിനസിൽ ചേർത്ത് പിന്നീട് കൗൺസിൽ തീരുമാനത്തോടെ പാർട്ണർഷിപ്പ് വിട്ട് മറ്റുള്ളവർക്ക് മുറി കൈമാറ്റം ചെയ്യുന്ന രീതിയും നിലവിലുണ്ട്. വിശദമായ പരിശോധനയിൽ ഈ രണ്ട് രീതിയിൽ മുറി കൈമാറ്റം നടത്തുന്നതും പൊതു സ്ഥാപനങ്ങളിൽ അനുവദിക്കാവുന്നതല്ല . ഇത്തരത്തിൽ മുറി കൈമാറ്റം നടത്തുമ്പോൾ അർഹതയുള്ളവരും മുറി എടുക്കുന്നതിന് തല്പരരായ മറ്റുള്ളവർക്ക് അവസരം പൂർണ്ണമായും ഇല്ലാതാകുന്നു. കൂടാതെ മുറി എടുത്തയാൾ കീഴ്വാടകയ്ക്ക് നല്കുക, കൂടിയ സെക്യൂരിറ്റി തുക കൈപ്പറ്റി മുറികൈമാറുക തുടങ്ങിയ നിയമപരമല്ലാത്ത നടപടികൾക്ക് കാരണമാകുകയും ചെയ്യും. നഗരസഭയുടെ സാമ്പത്തിക താല്പര്യം പരിഗണിച്ചാലും ഇത്തരം കൈമാറ്റങ്ങൾ അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വേളയിൽ വിശദമായി പരിശോധിച്ച മുനിസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സിലെ ജി1, ജി2, ജി3 മുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

ജി1 മുറിയുടെ കുത്തകക്കാരനായിരുന്ന ഫ്രാൻസിസ് എം.എ എന്നയാൾ മുറി വിട്ടൊഴിയുന്നതിന് തീരുമാനിക്കുകയും കൗൺസിൽ തീരുമാനത്തോടെ രാജേഷ് ജോസഫ്/രാജീവ് ജോസഫ് എന്നിവരുടെ പേരിൽ കൈമാറ്റ ഫീസ് ഈടാക്കി മുറി കൈമാറുന്നതിന് അനുവദിക്കുകയും ചെയ്തു. ഇതിന് ഇവർക്ക് ചെലവായ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെക്യൂരിറ്റി നിക്ഷേപം | 405000/- |
| കൈമാറ്റ ഫീസ് (18 മാസത്തെ ലൈസൻസ് ഫീസ്) | 42030 |
| | |

| | |
|---|---|
| ആകെ | 447030/- |

ഇതേ കെട്ടിടത്തിലെ തൊട്ടടുത്ത മുറികളായ ജി2, ജി3 എന്നിവയുടെ കുത്തകാവകാശം രാജേഷ് ജോസഫ്/ രാജീവ് ജോസഫ് എന്നിവർക്ക് ലേല നടപടികളിലൂടെ ലഭിച്ചപ്പോൾ മുറിയൊന്നിന് 10,10,000/- രൂപ വീതം 20,20,000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി നഗരസഭയ്ക്ക് ദീർഘകാലത്തേക്ക് ലഭിക്കുകയുണ്ടായി. ജി1 മുറി കുത്തകക്കാരനായിരുന്ന ഫ്രാൻസിസ് എം.എ എന്നയാൾ ഒഴിഞ്ഞപ്പോൾ ലേലം ചെയ്തിരുന്നു എങ്കിൽ സമാനമായ തുക സെക്യൂരിറ്റി നിക്ഷേപമായി നഗരസഭയ്ക്ക് ലഭിക്കുമായിരുന്നു.

നഗരസഭയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമായതും പൊതു താല്പര്യം സംരക്ഷിക്കാത്തതുമായ ഇത്തരം മുറി കൈമാറ്റങ്ങൾക്ക് നഗരസഭയ്ക്കുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/11.02.19) മറുപടി ലഭ്യമാക്കിയില്ല. സമാന രീതിയിലുള്ള അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-6-3 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നത് സംബന്ധിച്ച്

നഗരസഭയുടെ പ്രധാന വരുമാനസ്രോതസ്സാണ് വിവിധ ഷോപ്പിംഗ്കോംപ്ലക്സുകളിൽ നിന്നുള്ള വാടക. ഓഡിറ്റ് സമയത്ത് പരിശോധിച്ചതിൽ മുനിസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സിൽ 13 മുറികളും കൊട്ടാരമറ്റം ന്യൂ കോംപ്ലക്സിൽ 18 മുറികളും തെക്കേക്കര കോംപ്ലക്സിൽ 9 മുറികളും ഒഴിഞ്ഞ് കിടക്കുകയാണ്. നഗരസഭയ്ക്ക് വൻ വരുമാന നഷ്ടമുണ്ടാകുമെന്നതിനാൽ മുറികൾ അടിയന്തിരമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-7-1 അർഹതയില്ലാത്തവർക്ക് നൽകിയ പെർമിറ്റ് ഫീസിളവ് റദ്ദു ചെയ്തില്ല

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണം 150 ചതുരശ്രമീറ്ററിൽ കുറവുള്ള പാർപ്പിടങ്ങൾക്ക് പെർമിറ്റ് നല്കുമ്പോൾ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കിയാൽ മതിയാവും. ഇത്തരത്തിൽ ഫീസ് ഇളവോടെ പെർമിറ്റ് എടുത്ത് കെട്ടിടം നിർമ്മിക്കുന്നവർ നിർമ്മാണ സമയത്ത് തറവിസ്തീർണ്ണം 150 ചതുരശ്രമീറ്ററിൽ അധികമായി ചെയ്യുകയും, അധികമായി നടത്തിയ നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കുകയും ചെയ്യുന്നുണ്ട്. എന്നാൽ നിർമ്മാണം 150 ചതുരശ്രമീറ്ററിൽ അധികമാകുമ്പോൾ പെർമിറ്റ് ഫീസ് ഇളവിനുള്ള അർഹത നഷ്ടപ്പെടുന്നതിനാൽ നല്കിയ ഫീസ് ഇളവു കൂടി അപേക്ഷകനിൽ നിന്നും ഈടാക്കാവുന്നതാണ്.ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, വിലാസം ഫയൽ നമ്പർ | പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരം | ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കിയത് | അനുവദിച്ച ഇളവ് ക്യാൻസൽ ചെയ്ത് ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| തോമസ്കെജോസ് പൊട്ടൻകുളം,മുണ്ടങ്കൽ പി.ഒ,PW2-4680/17 12-4-2017 | 147.68ച.മീ@3.5/ ച.മീ 517/-രൂപ രസീത് നമ്പർ 11701010207/5-5-2017 | 154.35ച.മീ(അധികം നിർമ്മിച്ച 6.67 ച.മീ ക്രമവല്കരണ ഫീസായി 94 രൂപ 118010101300/7-5-18 പ്രകാരം ഈടാക്കി) | 517/- രൂപ |
| ജോയി പി.ജെ, പുളിക്കയിൽ | 145ച.മീ@3.5/ ച.മീ | 153.39ച.മീ(അധികം നിർമ്മിച്ച 8.39 ച.മീ ക്രമവല്കരണ | 508/- രൂപ |

| | | | |
|---|---|---|---|
| വള്ളിച്ചിറ പി.ഒ, PW2-6065/17 12-6-2017 | 508/- രൂപ,രസീത് നമ്പർ 117010103534/13-7-17 | ഫീസായി 118/- രൂപ 117010115431/15-3-18 പ്രകാരം ഈടാക്കി) | |
| ആകെ | | | 1025/- |

അർഹത ഇല്ലാത്തവർക്ക് നല്കിയ ഫീസിളവ് റദ്ദ ചെയ്യാതിരുന്നതിന് കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/11.02.19) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളവരിൽ നിന്നും കുറവു വന്ന തുക ഈടാക്കുന്നതോടൊപ്പം പെർമിറ്റ് ഫയലുകൾ പരിശോധിച്ച് സമാന രീതിയിലുള്ള അപാകതകൾ ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-7-2 അനുമതി വാങ്ങാതെയുള്ള കെട്ടിട നിർമ്മാണം - ക്രമവല്കരണത്തിനുള്ള ഫീസ് ഈടാക്കുന്നതിൽകുറവ്

ക്രമവൽക്കരണത്തിനുള്ള ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി 2/15/തസ്വഭവ തീ 11-11-2015 കത്ത് പ്രകാരം കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് എടുത്ത ശേഷം പണിനടത്തുമ്പോൾ, വ്യതിചലിച്ച് നടത്തുന്ന പ്രവൃത്തികൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് വാങ്ങി ക്രമവല്ക്കരിക്കാവുന്നതാണെങ്കിലും പെർമിറ്റ് എടുക്കാതെ നടത്തിയിട്ടുള്ള നിർമ്മാണത്തിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് രാജിയാക്കൽ ഫീസായി വാങ്ങുകയും പെർമിറ്റ് ഫീസ് പ്രത്യേകമായി വാങ്ങുകയും ചെയ്യേണ്ടതാണെന്ന് സ്പഷ്ടീകരണം നല്കിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ സങ്കേതം സോഫ്റ്റ്വെയറിൽ എല്ലാ ക്രമവൽക്കരണ കേസുകളിലും പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് രാജിയാക്കൽ ഫീസായി വാങ്ങുന്നതിനുള്ള സംവിധാനം മാത്രമാണ് ഉള്ളത് . നഗരസഭാ രേഖകൾ പ്രകാരം എല്ലാ വർഷവും വളരെയധികം കെട്ടിടങ്ങൾ ക്രമവല്ക്കരണത്തിന് അപേക്ഷ നല്കി ക്രമവല്ക്കരിക്കുന്നുണ്ട്. സോഫ്റ്റ്വെയറിൽ അപാകത മൂലം പെർമിറ്റ് ഫീസ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം, പേര് വിലാസം | ഫീസ് ഈടാക്കിയതിന്റെ വിവരം | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്നത് |
|---|---|---|---|
| PW2-9435/17/25-10-2017 മാത്യു ജോസഫ് അരീക്കൽ,കിഴതടിയൂർ | നിലവിലുള്ള കെട്ടിടത്തിന്റെ 202.05 ച.മീ ക്രമവല്ക്കരിക്കുന്നതിന് ഫീസിനത്തിൽ 2829/- രൂപ 117010115029/8-3-18 രസീത് പ്രകാരം ഒടുക്കി | 202.5ച.മീ ക്രമവല്ക്കരിക്കുന്നതിന് ഫീസിനത്തിൽ 2829/- യും പെർമറ്റ് ഫീസിനത്തിൽ 1414/- രൂപയും ഈടക്കേണ്ടതായിരുന്നു | 1414/- രൂപ |
| PW2-9295/17/19-10-2017 തോമസ് കുട്ടി മാത്യു പടവിൽ കിഴതടിയൂർ | നിലവിലുള്ള കെട്ടിടത്തിന്റെ 185.29 ച.മീ ക്രമവല്ക്കരിക്കുന്നതിന് ഫീസിനത്തിൽ 2595/- രൂപ 117010107180/1-11-17 രസീത് പ്രകാരം ഒടുക്കി | 185.29ച.മീ ക്രമവല്ക്കരിക്കുന്നതിന് ഫീസിനത്തിൽ 2595/- യും പെർമിറ്റ് ഫീസിനത്തിൽ 1297/- രൂപയും ഈടക്കേണ്ടതായിരുന്നു | 1297/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/11.02.19) മറുപടി നല്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചവരിൽ നിന്നും കുറവു തുക ഈടാക്കുന്നതോടൊപ്പം ഓഡിറ്റ് വർഷം ക്രമവല്കരണം നടത്തിയ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കിയ തുക പരിശോധിച്ച് കുറവുവന്നിട്ടുണ്ടെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുന്നില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 (1) പ്രകാരം ഒരു നഗരസഭ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിപ്പിക്കാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | സെന്റ് ജോർജ്ജ് വെറ്റിനറി ക്ലിനിക് , പാല |
| 2 | സെന്റ് ജൂഡ് ഡെന്റൽ ക്ലിനിക്, പാല |
| 3 | എം.ഈസ് ഡെന്റൽ രക്ഷ |
| 4 | മാതാ ആയുർവേദ ഹോസ്പിറ്റൽ, പാല |
| 5 | അശ്വിനി ആയുർവേദിക് ക്ലിനിക് |
| 6 | ഉപാസന ഹോസ്പിറ്റൽ , പാല |
| 7 | ലിറ്റിൽ ഫ്ലവർ ഡെന്റൽ ക്ലിനിക് |
| 8 | വൈപ്പന ഡെൻറ്റൽ ക്ലിനിക് |
| 9 | ഭാരത് ഡയഗ്നോസ്റ്റിക് സർവ്വീസ്,പാലാ |
| 10 | ശാന്തി യോഗ ഇന്റർനാഷണൽ |
| 11 | സൈ ക്ലിനിക് |
| 12 | ഭാസ്കര ആയുർവ്വേദ ഹോസ്പിറ്റൽ |
| 13 | കല്പന ഡെന്റൽ ഹോസ്പിറ്റൽ |
| 14 | മോഡേൺ ഡെന്റൽ ക്ലിനിക് |
| 15 | ദീപ്തി ഡെന്റൽ ക്ലിനിക്ക് |
| 16 | ടെന്നിസൺ ലൂർദ്ദ് ഡെന്റൽ ക്ലിനിക്ക് |
| 17 | കാരിത്താസ് ഡെന്റൽ ക്ലിനിക് |
| 18 | തയ്യിൽ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് |
| 19 | കല്പന ഡെന്റൽ ക്ലിനിക് |
| 20 | മേരിമാതാ ഡെന്റൽ ക്ലിനിക് |
| 21 | ലൂർദ് ഡെന്റൽ ക്ലിനിക് |
| 22 | വൈപ്പന ഡെന്റൽ ക്ലിനിക് |
| 23 | കോഴികൊത്തിയ്ക്കൽ ആയുർവ്വേദ ഹോസ്പിറ്റൽ |

| | |
|---|---|
| 24 | സെന്റ് ജോർജ്ജ് ഐ ഹോസ്പിറ്റൽ |
| 25 | ഒമേഗ വെൽ ക്ലിനിക് |
| 26 | ശ്രീശൈലം ആയുർവേദിക്സ് |
| 27 | കല്ലുകുന്നേൽ ഹോസ്പിറ്റൽ |
| 28 | ജിൽസ് ഐ ക്ലിനിക് & ഒപ്റ്റീഷ്യൻസ് |
| 29 | സൺ സ്റ്റാർ ഹോസ്പിറ്റൽ |
| 30 | ഇ.വി.പി ആയുർവ്വേദ ഹോസ്പിറ്റൽ & സി.വി.എൻ കളരി |

മേല്പറഞ്ഞ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/12.2.19) മറുപടി ലഭ്യമായില്ല. രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മേൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 2-9 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5(1) പ്രകാരം ഒരു നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിയ്ക്കുന്നതിന് മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ 2017-18 വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | മാഞ്ഞൂരാൻ എഡ്യൂക്കേഷൻ അക്കാഡമി |
| 2 | വിന്നേഴ്സ് അക്കാദമി |
| 3 | ഓക്സ്ഫോർഡ് കോളേജ്,അരുണാപുരം |
| 4 | ബ്ലൂ ബേ ഇന്റർനാഷണൽ |
| 5 | ജി ടെക് കംപ്യൂട്ടർ എഡ്യൂക്കേഷൻ |
| 6 | AVIS വേൾഡ് വൈഡ് |
| 7 | ഫ്യൂച്ചർ ഇൻഫോടെക്ക് |
| 8 | ബ്രില്ല്യന്റ് സ്റ്റഡി സെന്റർ |
| 9 | ഡെസേർട്ട് ഇൻഫോ സൊല്യൂഷൻസ് |
| 10 | സെന്റ് മേരിസ് കോളേജ് |
| 11 | ലാലച്ചൻസ് അക്കാദമി |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ പ്രവർത്തനാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം36/12.2.19) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-10 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30(1) ലെ ഒന്നാം പട്ടികയിൽ (ക്രമ നം. 27 പ്രകാരം) വളർത്തു നായകൾക്ക് ലൈസൻസ് കൊടുക്കുക എന്നത് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ നിലവിൽ പാലാ മുനിസിപ്പാലിറ്റിയിൽ വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതായി കാണുന്നില്ല. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പേ വിഷ നിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം (നമ്പർ 80/18) 208 നായ്ക്കൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. തെരുവുനായ്ക്കൾ ഒഴികെയുള്ളവയ്ക്ക് ലൈസൻസ് ലഭ്യമായിരുന്നതാണോയെന്ന് വ്യക്തമല്ല. വാർഷിക കണക്കുകളിലും ഈ ഇനത്തിലുള്ള ലൈസൻസ് ഫീസ് വരവില്ലയെന്ന് കാണുന്നു. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിന്റെ പ്രധാന കാരണം ഉപേക്ഷിക്കപ്പെട്ട വളർത്തുനായകളാണ്. മുനിസിപ്പാലിറ്റി പരിധിയിൽപ്പെട്ട എല്ലാ വളർത്തുനായകൾക്കും ലൈസൻസ് നൽകുന്നത് മൂലം ഇവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദിത്വം അവയുടെ ഉടമസ്ഥരിൽ വന്നുചേരുന്നു. ആയതിനാൽ ഉടമസ്ഥർ വളർത്തുനായകളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകുകയും തന്മൂലം തെരുവുനായ ശല്യം കുറയുകയും ചെയ്യുന്നതാണ്. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-11 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

1994 -ലെ കേരളാമുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003 ലെ കേരളാ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭ പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-12 ടെണ്ടർ ഫാറവില സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫാറവില അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. യിൽ ഉള്ള 67274529239 നമ്പർ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. 25/9/2018 ലെ കണക്കനുസരിച്ച് ഈ അക്കൗണ്ടിൽ 109474/- രൂപ ഈ ഇനത്തിൽ നീക്കിയിരിപ്പുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ വരവ് വയ്ക്കേണ്ട തുക അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐകെഎം വിഹിതം - ഡിമാന്റിനേക്കാൾ കൂടുതൽ അടച്ചു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഐകെഎം വിഹിതം അടയ്ക്കൽ (നം. 112/18) പദ്ധതി പ്രകാരം തൻവർഷം 2,00,000/- രൂപ (ബിൽ നം.3/17-18/14-7-17) ഐകെഎം ലേയ്ക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഐകെഎം ന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 56925/- രൂപ മാത്രമാണ് തൻവർഷത്തെ ഡിമാന്റ്. 15-16,16-17 വർഷങ്ങളിലെ ആകെ ഡിമാന്റ് 1,46,128/- രൂപയായിരുന്നെങ്കിലും (60945 + 85183 ) 2,00,000/- രൂപയാണ് രണ്ടു വർഷങ്ങളിലേതുമായി 2017-18 വർഷം അടച്ചത്. (ആകെ 4,00,000/-) ഇപ്രകാരം ആകെ 196947/- രൂപ (400000-203053) അധികം അടച്ചിട്ടുണ്ട്. മാത്രമല്ല ഈ വർഷങ്ങളിലെ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. അധികം അടച്ച തുക വരും വർഷങ്ങളിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-2 മൂന്നാനി ബസ് സ്റ്റാന്റ് സ്ഥലമെടുപ്പ് - തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണം

ഫയൽ നം - PW 1-479/04

വൗച്ചർ നം - 98-7/17-18

ചെലവ് - 34525 രൂപ

പാലാ നഗരസഭാ കൗൺസിലിന്റെ 5/02/2004 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 45.52 ആർ സ്ഥലം മൂന്നാനി ബസ് ടെർമിനൽ സ്ഥാപിക്കുന്നതിന് ജോസ് പെരുംപള്ളിൽ, ജസി ജോസ്, പി.വി.ജോർജ്, പണ്ടാരക്കുന്നേൽ, ജോണിച്ചൻ നീരാക്കൽ എന്നിവരിൽ നിന്നും പൊന്നുംവിലയ്ക്കെടുക്കുന്നതിന് തീരുമാനിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികളുമായി മുന്നോട്ടുപോകവേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലനിന്നിരുന്ന ഡബ്ല്യൂ.പി.(സി.)നം.28175/04(1) നമ്പർ കേസിലെ വിധിന്യായ പ്രകാരം പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. 2007 മാർച്ചിൽ ഈ കേസ് തീർപ്പാകുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടരാൻ ലാന്റ് അക്വിസിഷൻ ഓഫീസറോട് ബഹു.ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുതിയ വിജ്ഞാപനം ഏപ്രിൽ 2008 ൽ റവന്യൂ ഡിവിഷൻ ഓഫീസർ പുറത്തിറക്കുകയും ചെയ്തു.

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികൾ സ്വീകരിക്കുന്നതിന് 2,28,00,000 രൂപ ആർ.ഡി.ഓ പേരിൽ അലോട്ട് ചെയ്യുന്നതിന് 11/05/2010 ൽ അറിയിച്ചെങ്കിലും 2011 സെപ്റ്റംബർ മുതൽ 2013 ഡിസംബർ വരെ 40,09,783/- രൂപ മാത്രമേ നഗരസഭയ്ക്ക് ഒടുക്കാൻ കഴിഞ്ഞുള്ളൂ. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട 2011 ലെ കേസിന്റെ വിധിന്യയത്തിൽ (2015 ജൂണിൽ പുറപ്പെടുവിച്ചത്) മുനിസിപ്പാലിറ്റി യഥാസമയം തുക ലഭ്യമാക്കാതിരുന്നതിനാൽ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള സമയപരിധി കഴിഞ്ഞു എന്ന് ബഹു.ഹൈക്കോടതി ഉത്തരവായി. തുടർന്നുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013 ലെ ലാന്റ് അക്വിസിഷൻ , റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട് പ്രകാരമേ നടത്താവൂ എന്നും ഹൈക്കോടതി നിർദ്ദേശിച്ചു. ജില്ലാ കളക്ടറുടെ 4/2/14 ലെയും, ഡെപ്യൂട്ടി കളക്ടറുടെ 02/04/15 ലെയും കത്തുകൾ പ്രകാരം പൊന്നുംവില നടപടികൾ ഡിനോവ ആയതായും പുതിയ ലാന്റ് അക്വിസിഷൻ അനുസരിച്ചുള്ള നടപടികൾ ആരംഭിക്കണമെന്നും അറിയിച്ചു. ആകയാൽ നഗരസഭ ഒടുക്കിയ 40,09,783/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ അടവാക്കേണ്ട 40,44,308 രൂപയായി (സ്ഥലവിലയുടെ 20%) സർക്കാർ വകയിരുത്തുകയും ബാക്കി തുക 34,525/- രൂപ കൂടി ഒടുക്കുന്നതിനും നിർദ്ദേശിച്ചു.

പ്രാഥമികമായി നിശ്ചയിച്ച അവാർഡ് തുക 2,02,21,539/- രൂപയാണെങ്കിലും നിലവിലെ നിരക്കിൽ അക്വിസിഷൻ നടപടികൾക്കായി ഏകദേശം 19.54 കോടി രൂപ ആവശ്യമായി വരുമെന്നും ഇത്രയും തുക നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കണ്ടെത്തുക പ്രയാസമാണെന്നും വിവിധ തീയതികളിലെ കൗൺസിൽ യോഗങ്ങൾ വിലയിരുത്തിയിട്ടുള്ളതായി കാണുന്നു. (2016 ഓഗസ്റ്റ് 17 ലെ ഒന്നാം നമ്പർ തീരുമാനം കാണുക). എന്നാൽ സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ സർക്കാർ വകകൊള്ളിച്ച 40,09,783/-രൂപ തിരികെ നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും 27.05.16 ലെ കൗൺസിൽ മൂന്നാം നമ്പറായി തീരുമാനം കൈകൊണ്ടെങ്കിലും 23/8/16 ലെ 1-ാം നമ്പർ തീരുമാനപ്രകാരം സ്ഥലമെടുപ്പ് നടപടികൾ റദ്ദ് ചെയ്യാൻ നഗരസഭ തീരുമാനിച്ചു. 31/01/17 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 34,525/- രൂപ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് സർക്കാരിനോട് അപേക്ഷിച്ചെങ്കിലും തുക നഗരസഭയ്ക്ക് ഒടുക്കേണ്ടതായി വന്നു. ആവശ്യമായ തുക ഇല്ലാതിരിക്കെ സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനവുമായി മുന്നോട്ടുപോയ നടപടിമൂലം 40,44,308/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-3 റോഡ്റോളർ നം.J 12460- നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല.

1995 ൽ 563509.10 രൂപ ചെലവഴിച്ച് നഗരസഭ വാങ്ങിയ റോഡ്റോളർ നാളിതുവരെ രജിസ്റ്റർ ചെയ്യുകയോ

ഇൻഷ്വറൻസ് എടുക്കുകയോ ചെയ്യിട്ടില്ല എന്ന് ഫയൽ (നം.PW3(PW1)-2987/94) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 28-04-16 വരെ നഗരസഭയുടെ വിവിധ റോഡ് പ്രവൃത്തികൾക്കായി റോളർ ഉപയോഗിച്ചിട്ടുള്ളതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ റോളർ പ്രവർത്തനക്ഷമമല്ല. റോളർ വാങ്ങിയ വർഷം രജിസ്റ്റർ ചെയ്യാൻ നടപടികൾ ആരംഭിച്ചുവെങ്കിലും ആർ ടി ഒ നിശ്ചയിച്ച എൻടി ടാക്സ് ഇനത്തിലെ 65,000/- രൂപ ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് കത്തയയ്ക്കുകയല്ലാതെ തുടർനടപടികൾ ഒന്നും സ്വീകരിച്ചതായി ലഭ്യമാക്കിയ ഫയലിൽ വ്യക്തമല്ല. 2017-18 വർഷം രജിസ്ട്രേഷൻ നടപടികളുടെ പ്രാരംഭനടപടി എന്ന നിലയിൽ 1,000/- രൂപ ട്രഷറിയിൽ ഒടുക്കി പിഡബ്ല്യുഡി മാവേലിക്കരയ്ക്ക് കത്തയച്ചിട്ടുണ്ടെങ്കിലും റോളർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ രജിസ്ട്രേഷൻ നടപടികൾ തൻവർഷം സ്വീകരിയ്ക്കാനായിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാത്ത വാഹനം നാളിതുവരെ ഉപയോഗിച്ചുതന്നെ ക്രമവിരുദ്ധമായ നടപടിയാണ്. മാത്രമല്ല റോളർ പ്രവർത്തനക്ഷമമാക്കി രജിസ്റ്റർ ചെയ്യണമെങ്കിൽ തന്നെ ഭീമമായ പിഴ ഒടുക്കേണ്ടി വരും. 24 വർഷത്തോളം പഴക്കമുള്ള റോളർ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കണമെങ്കിലും ഭീമമായ ചെലവുണ്ടാകും. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.33/17-18 തീയതി 12.02.19)മറുപടി ലഭ്യമാക്കിയില്ല. ആർ ടി ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-4 മഹീന്ദ്ര ക്യാമ്പർ ജീപ്പ്- ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചില്ല.

നഗരസഭയിൽ ഫോഗിംഗിനായി ഉപയോഗിച്ചുകൊണ്ടിരുന്ന മഹീന്ദ്ര ക്യാമ്പർ ജീപ്പ് 3-7-17 ൽ ഫോഗിംഗ് നടത്തിക്കൊണ്ടിരുന്ന സമയത്ത് ഭാഗികമായി കത്തി നശിയ്ക്കുകയും ഫോഗിംഗ് മെഷീൻ പൂർണ്ണമായി കത്തി നശിയ്ക്കുകയും ചെയ്തു. നഷ്ടപരിഹാരത്തിന് ഇൻഷ്വറൻസ് കമ്പനിയെ സമീപിച്ചപ്പോൾ ജീപ്പ് രജിസ്റ്റർ ചെയ്തപ്പോഴോ, ഇൻഷ്വർ ചെയ്തപ്പോഴോ വാഹനത്തിൽ സ്ഥിരമായ ഒരു മാറ്റം വരുത്തി പ്രത്യേകാവശ്യത്തിനായി ഉപയോഗിച്ചത് രേഖാമൂലം അറിയിച്ച് ഫോഗ്ഗിംഗ് മെഷീൻ ഉൾപ്പെടെ രജിസ്റ്റർ ചെയ്യാത്തതിനാൽ നഷ്ടപരിഹാരത്തിന് അർഹതയില്ല എന്ന മറുപടിയാണ് ലഭിച്ചത്. ജീപ്പ് അറ്റകുറ്റപ്പണി നടത്തിയതിന് 1,02,633/- രൂപ തനതുഫണ്ടിൽ നിന്നും 2018-19 വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫോഗിംഗ് മെഷീൻ പൂർണ്ണമായി കത്തി നശിച്ചതിനാൽ ഉപയോഗശൂന്യമാകുകയും ചെയ്തു. നിയമപരമായ നടപടിക്രമങ്ങൾ പാലിയ്ക്കാതെ വാഹനത്തിൽ ഫോഗിംഗ് മെഷീൻ ഘടിപ്പിച്ചതും, ദീർഘനാൾ ഉപയോഗിച്ചതും ക്രമവിരുദ്ധമാണ്. ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചില്ലായെങ്കിൽ ഇൻഷ്വറൻസ് പ്രീമിയമിനത്തിൽ നഷ്ടമായ തുക നഗരസഭാധികൃതരുടെ ബാദ്ധ്യതയാണ്. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് 32/17-18 തീയതി 12.02.2019 മറുപടി ലഭ്യമാക്കിയില്ല. വാഹനം ഇൻഷ്വർ ചെയ്തിട്ടുള്ള യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള നടപടികൾക്ക് നിയമോപദേശം സ്വീകരിയ്ക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-5 വാഹനങ്ങളുടെ പരിപാലനം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാഹനം | എണ്ണം |
|---|---|
| ഓട്ടോറിക്ഷ | 10 |
| ട്രാക്ടർ | 2 |
| ബൈക്ക് | 1 |
| ജീപ്പ് | 2 |
| ആംബുലൻസ് | 1 |
| വാട്ടർ ടാങ്കർ | 1 |
| കാർ | 2 |
| | |

| | |
|---|---|
| ടിപ്പർ | 1 |
| റോഡ്റോളർ | 1 |

രണ്ടു കാറുകളിൽ ഇന്നോവ ചെയർപേഴ്സൺന്റെ ആവശ്യങ്ങൾക്കും, രണ്ടു ജീപ്പുകളിൽ ഒരെണ്ണം ഓഫീസ് ആവശ്യങ്ങൾക്കും ഉപയോഗിയ്ക്കുന്നു. ഇവ കൂടാതെ ഹീറോഹോണ്ട ബൈക്ക്, ആംബുലൻസ്, ഒരു ട്രാക്ടർ, ടാങ്കർ ലോറി, എന്നിവ നിലവിൽ വിവിധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നുണ്ട്. നിലവിൽ പ്രവർത്തനരഹിതമായ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

KL 35 F 4384 മഹീന്ദ്ര ക്യാമ്പർ ജീപ്പ്

ഫോഗിംഗിനായി ഉപയോഗിച്ചുകൊണ്ടിരുന്ന ജീപ്പ് ഫോഗിംഗ് നടത്തിക്കൊണ്ടിരുന്നപ്പോൾ തീ പിടിച്ച് ഭാഗികമായി കത്തി നശിയ്ക്കുകയും ഫോഗിംഗ് മെഷീൻ പൂർണ്ണമായി കത്തി പ്രവർത്തനരഹിതമായിത്തീരുകയും ചെയ്തു. നിലവിൽ ജീപ്പ് അറ്റകുറ്റപ്പണി നടത്തിയെങ്കിലും പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല. മാത്രമല്ല വാഹനം ഫോഗിംഗ് മെഷീൻ ഉൾപ്പെടെ രജിസ്റ്റർ ചെയ്യാതിരുന്നതുകൊണ്ട് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും നഷ്ടപരിഹാരവും ലഭിച്ചിട്ടില്ല.

KL35G-5336 - ട്രാക്ടർ- രേഖകൾ പൂർണ്ണമല്ല.

1998 ൽ വാങ്ങിയ ട്രാക്ടർ 25-06-16 വരെ പ്രവർത്തനക്ഷമമായിരുന്നുവെന്ന് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. ലോഗ്ബുക്ക് പ്രകാരം ഇറച്ചി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, മറ്റ് ശുചീകരണപ്രവർത്തനങ്ങൾക്കുമാണ് ട്രാക്ടർ ഉപയോഗിച്ചിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗിയ്ക്കാത്തതിന്റെ കാരണവും ട്രാക്ടറിന്റെ നിലവിലെ അവസ്ഥയും, രേഖാമൂലം അറിയിയ്ക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.34/12.02.19) മറുപടി ലഭ്യമാക്കിയില്ല.

KL 5E- 9818- ടിപ്പർ ലോറി

16 വർഷത്തോളം പഴക്കം ചെന്ന ടിപ്പർ ലോറി 2012 മുതൽ പ്രവർത്തനരഹിതമാണ്. മാവേലിക്കര പി ഡബ്ല്യൂ ഡി മെക്കാനിക്കൽ എഞ്ചിനീയർ 2012 ൽ 3,50,000/- മതിപ്പുവില നിശ്ചയിച്ചു നൽകിയ വാഹനം പല തവണ ലേലം ചെയ്തെങ്കിലും ആരും ലേലം കൊണ്ടില്ല. നിലവിൽ വാഹനം കണ്ടം ചെയ്യുന്നതിനും തുടർനടപടികൾക്കുമായി പിഡബ്ല്യൂഡി മാവേലിക്കര അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ട്.

KL 35 8391-അംബാസിഡർ കാർ

കാർ 29-1-16 ന ശേഷം ഉപയോഗിച്ചിട്ടുള്ളതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാഹനം കണ്ടം ചെയ്യുന്നതിനുള്ള എക്കണോമി സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിനായി രേഖകൾ സഹിതം പിഡബ്ല്യൂഡി മെക്കാനിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടേയുള്ളൂ. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ആപ്പേ ഓട്ടോറിക്ഷകൾ

നഗരസഭയുടെ ഉടമസ്ഥതയിൽ 10 ആപ്പേ ഓട്ടോറിക്ഷകൾ ഉണ്ട്. ന്യായവില ഉച്ചഭക്ഷണശാലയിലേയ്ക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുപോകൽ, ടൗണിലെ ചെടിപരിപാലനം, ജലവിതരണം തുടങ്ങി വിവിധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്ന ഓട്ടോറിക്ഷകളിൽ 4 എണ്ണമേ നിലവിൽ പ്രവർത്തിയ്ക്കുന്നുള്ളൂ. 6 എണ്ണം അറ്റകുറ്റപ്പണികൾക്കായി മാറ്റിയിട്ടിരിയ്ക്കുകയാണ്. നിലവിൽ ഉപയോഗിയ്ക്കുന്ന ഓട്ടോകളുടെ ലോഗ്ബുക്കും ഫയലുകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

# 3-6 ശബരിമല സ്പെഷ്യൽ ഗ്രാന്റ്- പൂർണ്ണമായി വിനിയോഗിയ്ക്കുന്നില്ല.

2017-18 വർഷം ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ 10 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്. ഈ തുക

നഗരസഭയുടെ തനതുഫണ്ട് അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. തീർത്ഥാടകർക്ക് പ്രയോജനം ലഭിയ്ക്കത്തക്ക രീതിയിൽ വിവിധ ഭാഗങ്ങളിൽ ദിശാബോർഡുകൾ സ്ഥാപിയ്ക്കൽ, ശൗചാലയങ്ങൾ വൃത്തിയാക്കുന്നതിനു വേണ്ടി പെർഫ്യൂമ്ഡ് ലോഷൻ വാങ്ങൽ തുടങ്ങിയവയാണ് 2017-18 വർഷത്തെ ചെലവ്. 1-11-18 ൽ നഗരകാര്യ ഡയറക്ടർക്ക് നൽകിയ ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരം 2015-16 വർഷം മുതൽ ലഭിച്ച ഗ്രാന്റ് തുകകളുടെ ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2015-16 | 1000000 | 439312 | 560688 |
| 2016-17 | 1000000 | 795875 | 204125 |
| 2017-18 | 1000000 | 585720 | 414280 |
| ആകെ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക | | | 11,79,093 |

ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി പൂർണ്ണമായും ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ വിനിയോഗിക്കുന്നതിന് പകരം ദൈനംദിന ആവശ്യങ്ങൾക്കായി തനതുഫണ്ടിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്ന രീതി ശരിയായ നടപടിയല്ല.

# 3-7 മുനിസിപ്പൽ ഓഫീസ് നവീകരണം- പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചത് നിയമാനുസൃതമല്ല.

| | |
|---|---|
| പ്രോജക്ട്/ പ്രോജക്ട് നംപർ | മുനിസിപ്പൻ ഓഫീസ് നവീകരണം,231/17, 77/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 1507877/-(ലോകബാങ്ക് സഹായം) |
| നിർവ്വഹണ ഏജൻസി | ജില്ലാനിർമ്മിതി കേന്ദ്രം,കോട്ടയം |
| കരാർ നംപർ | 28/17-18Dt 24-10-2017 |
| അളവുപുസ്തകം | പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല |
| ചെലവ് വിവരം | അഡ്വാൻസായി 261797/- രൂപ 2016-17 ൽ നല്കി (മുൻവർഷം നൽകിയത്) |

മുനിസിപ്പൽ ഓഫീസ് നവീകരണത്തിന് 15.07 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ട് ടെണ്ടർ ചെയ്യുകയും കുറവു തുകയായ 13,08,982.92 രൂപ രേഖപ്പെടുത്തിയ ഫിലിപ്പ് എബ്രഹാം എന്നയാൾക്ക് കരാർഉറപ്പിച്ച് നല്കുകയും 31-3-2017 ൽ കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 11-8-2017 ലെ 8-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും നിർവ്വഹണം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനും തീരുമാനിച്ചു. ഇതിന് ശേഷം വിവിധ മരാമത്ത് പണികൾ പൂർത്തിയാക്കാതെ തന്നെ ഏല്പിച്ച പണി നടത്താൻ കഴിയില്ല എന്ന് കരാറുകാരനും 29/8/2017ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 13,08,982/- രൂപയുടെ സിവിൽ പ്രവൃത്തികൾക്കൊപ്പം 1,80,000/- രൂപയുടെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രവുമായി 24-10-2017 ൽ കരാർ വയ്ക്കുകയും അഡ്വാൻസായി 2,61,797/- രൂപ നല്കുകയും ചെയ്തു (അക്കൗണ്ട് നംപർ 57017045226 എസ്.ബി.ഐ).

നിർമ്മിതി കേന്ദ്രം പ്രോജക്ട് എഞ്ചിനീയറുടെ 20-4-2018 ലെ എൻ.കെ 27/17-18 കത്ത് പ്രകാരം പണി ആരംഭിക്കാൻ പര്യാപ്തമായ രീതിയിൽ സൈറ്റ് കൈമാറിയിട്ടില്ലാത്തതിനാൽ പണി നടത്താൻ കഴിഞ്ഞില്ലെന്ന് അറിയിച്ചിട്ടുണ്ട്. 19-1-19 ലെ ഇതേനമ്പർ കത്തിൽ നഗരസഭയിൽ നിന്നും ഇനിയും നല്കാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ചെലവ് കിഴിച്ചുള്ള തുക തിരികെ നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി ആരംഭിക്കാൻ സൈറ്റ് സജ്ജമായി കഴിഞ്ഞ് മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാതെയാണ് ആദ്യം കരാറുകാരനും പിന്നീട് നിർമ്മിതി കേന്ദ്രത്തിനും സൈറ്റ് കൈമാറിയത് എന്ന് ഫയലിൽ നിന്നും വ്യക്തമാണ്. ഇത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുണ്ടായ വീഴ്ചയാണ്.

സൈറ്റ് പരിശോധിച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ ചുമതലയുണ്ട്. എന്നാൽ പണി ആരംഭിക്കുന്നതിന് തടസ്സം അറിയിച്ചു കൊണ്ട് കരാറുകാരൻ കത്ത് നല്കിയത് എഗ്രിമെന്റ് വച്ച് 5 മാസങ്ങൾക്ക് ശേഷമാണ്. കരാറുകാരന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പകരം കരാറുകാരനെ ഒഴിവാക്കി അക്രഡിറ്റേഷൻ ഇല്ലാത്ത നിർമ്മിതി കേന്ദ്രത്തെ പണി എല്പിച്ചതും തുക അഡ്വാൻസായി നല്കിയതും നിയമാനുസൃതമല്ല. കരാറുകാരൻ ഒഴിവാകുന്ന സാഹചര്യത്തിൽ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പണി പൂർത്തീകരിക്കുന്നതിന് പകരം അതേ അവസ്ഥയിൽ പണി നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചതിനും അഡ്വാൻസ് തുക നല്കി നഗരസഭക്ക് നഷ്ടമുണ്ടാക്കിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/17-18/11.02.19) മറുപടി നല്കിയിട്ടില്ല. നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഈ ഇനത്തിൽ ചെലവഴിച്ച 2,61,797/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-8 മുനിസിപ്പൽ ടൗൺഹാൾ നവീകരണം - അധിക തുക പിൻവലിച്ചു

| | |
|---|---|
| പ്രോജക്ട്/ പ്രോജക്ട് നംപർ | മുനിസിപ്പൻ ടൗൺഹാൾ നവീകരണം,235/17,79/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 5220658/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1279342/-(ലോകബാങ്ക് സഹായം)<br>ആകെ 65,00,000/- |
| നിർവ്വഹണ ഏജൻസി | ജില്ലാനിർമ്മിതി കേന്ദ്രം,കോട്ടയം |
| കരാർ നംപർ | NK.149/2016-17 Dt 22-3-2017 |
| അളവുപുസ്തകം | 34/2017,13/2017 |
| ചെലവ് വിവരം | 6500000/-(വിശദവിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്) |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിന്റെ നവീകരണത്തിന് 2016-17 വർഷം ആസൂത്രണം ചെയ്ത് ജില്ലാ നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. നിർവ്വഹണത്തിനായി 23-3-2017 ൽ സൈറ്റ് നിർമ്മിതി കേന്ദ്രത്തിന് കൈമാറുകയും, മൊബിലൈസേഷൻ അഡ്വാൻസായി 13,00,000/- രൂപ നല്കുകയും ചെയ്തു. പ്രോജക്ടിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. നിർമ്മിതി കേന്ദ്രം സമർപ്പിച്ച ഫൈനൽ ബിൽ പ്രകാരമുള്ള തുക, നല്കിയ തുക, ഓഡിറ്റ് നടത്തിയ പരിശോധനയിൽ നല്കാവുന്ന തുക എന്നിവ ചുവടെ ചേർക്കുന്നു.

| I | | II | | III | |
|---|---|---|---|---|---|
| നിർമ്മിതി സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക | | ഓഡിറ്റ് നടത്തിയ പരിശോധനയിൽ നല്കാവുന്ന തുക | | ചെലവഴിച്ച തുകയുടെ വിവരം | |
| ഇനം | തുക | ഇനം | തുക | ഇനം | തുക |
| വേലമൂല്യം | 5522359.09 | വേലമൂല്യം | 5522359.09 | അഡ്വാൻസ് | 1300000/-<br>(മുൻവർഷം) |
| മാനേജ്മെന്റ് ചാർജ് 8% | 441788.73 | മാനേജ്മെന്റ് ചാർജ് 8% | 441788.73 | I & പാർട്ട് ബിൽ | |
| | 5964147.82 | | 5964147.82 | 1170228.00+(45/17-18/6.11.17) | 2449570.00 |

| | | | | | |
|---|---|---|---|---|---|
| | | | | 1279342.00<br>(46/17-18/6.11.17)<br>2449570.00 | |
| വാറ്റ് 4% (+) | 52000.00 | വെൽഫയർഫണ്ട്(-) | 59641.00 | ഫൈനൽ ബിൽ | 2750430.00 |
| അഡ്വാൻസ് | 1300000.00 | ഐ.റ്റി 1%(-) | 59641.00 | ആകെ | 6500000/-<br>(**) |
| (-) | 1352000.00 | നിർമ്മിതിക്ക് നല്കാവുന്നത് | 5844865.82 | ഐ.റ്റി(-)<br>27836+30724 | 58560.00 |
| GST 12% (+) | 559697.74 | കാർപറ്റ് വില(-)<br>(എ.ഇ.യുടെ വാല്യൂവേഷൻ പ്രകാരം നൽകാവുന്ന തുക) | 400000/- | വെൽഫയർഫണ്ട്(-)<br>27836+30724 | 58560.00 |
| | 5223845.56 | ബാക്കി<br>നല്കിയ തുക<br>കൂടുതൽ നല്കിയത് | 5444865.82<br>5475622.00<br>**30756.18** | റിടെൻഷൻ<br>278360.00+<br>628898.00 | 907258.00 |
| | 6575845.56 | | | നിർമിതിക്ക് നല്കിയത്<br>1300000.00+<br>836196.00+<br>1279342.00+<br>2060084.00 | 5475622.00 |
| പരിമിതപ്പെടുത്തിയത് | 6500,000/- | | | | |

(**സർക്കാർ ഉത്തരവ് 95/2017 ഫിൻ തീയതി 25/7/2017 പ്രകാരം അക്രഡിറ്റഡ് ഏജൻസി വഴി നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ അനുവദനീയമായ ഓവർഹെഡ് ചാർജും സെന്റേജ് ചാർജും മാത്രമേ ഏജൻസിക്ക് നൽകേണ്ടതുള്ളൂ. ഓവർഹെഡ് ചാർജ് നികുതി വിഹിതം കൂടി ഉൾപ്പെട്ടതായതിനാൽ അധികമായി നൽകേണ്ടതില്ല.) നിർമ്മിതി സമർപ്പിച്ച ബില്ലിൽ 65,00,000/- രൂപയായി തുക നിർണ്ണയിച്ചതിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്. കോളം I ൽ ഫയലിൽ നിന്നും ലഭിച്ച ബില്ലിലെ വിവരങ്ങൾ അതേപടി ചേർത്തിരിക്കുന്നു.

രേഖകൾ പ്രകാരം റിടെൻഷൻ ഇനത്തിൽ നഗരസഭാ അക്കൗണ്ടിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള 9,07,258/- രൂപയിൽ 4,00,000/- രൂപ ടൗൺഹാളിൽ ഉണ്ടായിരുന്ന കാർപറ്റ് നഷ്ടപ്പെടുത്തിയതിന് ബില്ലിൽ നിന്ന് കുറവ് ചെയ്ത തുകയും 5,07,258/- രൂപ റിടെൻഷൻ തുകയുമാണ്. വിശദമായ പരിശോധനയിൽ നിർമിതിക്ക് നല്കാവുന്നത് 58,44,865.82 രൂപയിൽ നിന്നും കാർപറ്റ് വില 4,00,000/-രൂപ കിഴിച്ച് 54,44,865/- രൂപയാണ്. ഇതിനോടകം 54,75,622/- രൂപ നിർമിതിക്ക് നല്കി കഴിഞ്ഞതിനാൽ നിലവിൽ **30,757** രൂപ കൂടുതലാണ് നല്കിയിരിക്കുന്നത്. റിടെൻഷൻ ഇനത്തിൽ പിടിച്ചിട്ടുള്ള 5,07,258/- രൂപയോടൊപ്പം നിർമിതിക്ക് അധികം നല്കിയ 30,757/- രൂപ ഉൾപ്പെടെ 5,38,015/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചതും അധികം നല്കിയ 30,757/- രൂപ കിഴിച്ച് 5,07,258/- രൂപ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. നിർമ്മിതി കേന്ദ്രം തയ്യാറാക്കി നല്കിയ ബില്ല്, അളവു പുസ്തകം, എന്നിവ സൂക്ഷ്മ പരിശോധന നടത്താതെ തുക പിൻവലിച്ചത് എഞ്ചിനീയറിംഗ് വിഭാഗത്തിലുണ്ടായ പാളിച്ചയാണ്.

<u>പ്രവൃത്തി അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് നല്കിയത് നിയമവിരുദ്ധം</u>

ജി.ഒ (ആർ.റ്റി)244/2013 തസ്വഭവ30-1-2011 ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം അവരെ ഏല്പിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പിന് (ഇലക്ട്രിക്കൽ വിഭാഗം) നല്കാൻ കഴിയാത്ത

സാഹചര്യത്തിൽ ജില്ലാ തലത്തിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും റിട്ടയർ ചെയ്തവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള DLTC എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുകയും അളവ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നിരിക്കെ ഇവ നിർമ്മിതി കേന്ദ്രം വഴി ചെയ്തതും പ്രവൃത്തിയുടെ മേൽനോട്ടം നിർമ്മിതി സൈറ്റ് എഞ്ചിനീയർ നടത്തിയതും നിലവിലുള്ള വ്യവസ്ഥക്ക് വിരുദ്ധമാണ്.

<u>നിർവ്വഹണ സമയത്ത് മോണിറ്ററിംഗ് നടന്നില്ല</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കുമ്പോൾ മേൽനോട്ടം വഹിക്കേണ്ടതും, അളവുരേഖപ്പെടുത്തേണ്ടതും ചെക്ക്മെഷറിംഗ് നടത്തേണ്ടതും സ്ഥാപനമാണ്. ഇത് മാനേജ്മെന്റ് ചാർജ് നല്കി നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചതോടെ സ്ഥാപനത്തിന് പ്രവൃത്തിയിൽ നിയന്ത്രണം ഇല്ലാതെ വരുകയും പ്രവൃത്തിയിൽ വ്യാപകമായ പരാതികൾ ഉയരുകയും ചെയ്തു. ടൗൺഹാൾ ലോബിയിലുണ്ടായിരുന്ന 250ച.മീ ടൈൽ നീക്കം ചെയ്ത് പുതിയ ടൈൽ വിരിച്ചതായും പുനരുപയോഗിക്കാവുന്ന ടൈലുകൾ ആർ.വി പാർക്കിൽ സൂക്ഷിച്ചിട്ടുള്ളതായും കൂടാതെ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിന് മുൻപ് ഉണ്ടായിരുന്ന 500 ച.മീ കാർപ്പറ്റിൽ 250 ച.മീറ്ററോളം നഷ്ടപ്പെട്ടതായും പരാതിക്ക് ശേഷം നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിന് മുൻപ് ഉണ്ടായിരുന്ന വിലയേറിയ സാധനങ്ങളും സ്റ്റോക്കെടുത്ത് ഇരു കക്ഷികളും സാക്ഷ്യപ്പെടുത്തിയിരുന്നില്ല. പുനരുപയോഗിക്കാവുന്നതായി പറയുന്ന ഫ്ലോർടൈലുകൾ പൊളിച്ച് മാറ്റേണ്ടതിന്റെ ആവശ്യകതയും വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/17-18/11.02.19) മറുപടി നല്കിയിട്ടില്ല. പ്രവൃത്തിക്ക് അധികമായി പിൻവലിച്ച 5,07,258/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 12-ാം മൈൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം ഫലപ്രദമായില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നംപർ | 12-ാം മൈൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം-മൂന്നാം ഘട്ടം-176/17, 44/2018, PW1-2762/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 48,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഏജൻസി | ജില്ലാ നിർമ്മിതി കേന്ദ്രം, കോട്ടയം |
| കരാർ നംപർ | NK.64/2016-17 Dt 22-3-2017 |
| അളവുപുസ്തകം | 46/2017,47/2017 |
| ചെലവ് വിവരം | 28-3-2018 ലെ 100-ാം നമ്പർ ബിൽ പ്രകാരം 37,79,069/- രൂപ പിൻവലിച്ചതിൽ, ഐറ്റി 39903/-, ക്ഷേമനിധി 39504/-, സെസ് 399/-, റിടെൻഷൻ 399030/-, പിടിച്ച് വച്ച തുക 700000/- നിർമ്മിതി 2600233/- (കൂടാതെ മുൻ വർഷം 970000/- രൂപയും നല്കി) |

നഗരസഭയുടെ 12-ാം വാർഡിൽ നഗരസഭ വ്യവസായ എസ്റ്റേറ്റ് ആവശ്യത്തിനായി ഏറ്റെടുത്ത 2.5 ഏക്കർ സ്ഥലത്തിന് ചുറ്റുപാടും ധാരാളം വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ആവശ്യത്തിന് അനുയോജ്യമല്ലെന്ന് കൗൺസിൽ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സ്ഥലത്ത് പാർക്ക് നിർമ്മിക്കുന്നതിന് 5.9.2013 ലെ സ.ഉ (സാധാ)നം.2257/2013/തസ്വഭവ പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇത് പ്രകാരം വിവിധ ഘട്ടങ്ങളിലായി പ്രവൃത്തികൾ ഏറ്റെടുത്തതിലും കളിയുപകരണങ്ങൾ വാങ്ങുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിലും മുൻഗണനാക്രമം പാലിക്കുകയോ ദീർഘ വീക്ഷണത്തോട് കൂടിയ സമീപനത്തിന്റെ അഭാവം മൂലം ശരിയായ ഏകോപനം സാധ്യമാവുകയോ ചെയ്തിട്ടില്ലയെന്ന് കാണുന്നു. . മാത്രമല്ല 2015-16 ലെ 263/15 നമ്പർ പ്രോജക്ട് പ്രകാരം 44,50,000/-രൂപ അടങ്കലിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ

ഉദ്യോഗസ്ഥനായി ആദ്യ ഘട്ടമായി ഏറ്റെടുത്ത പ്രവൃത്തി പ്രകാരം ആകെ 36,52,638/-രൂപ മൂല്യം നിശ്ചയിച്ച പ്രവൃത്തികൾ 4.2% താഴ്ന്ന നിരക്കിൽ കരാറുകാരൻ ശ്രീ.ടോമിൻ ജോസഫ് മുഖേന ഏറ്റെടുക്കയും 34,99,227/-രൂപ ചെലവഴിക്കുകയും ഇതേ കരാറുകാരൻ മുഖേന രണ്ടാം ഘട്ടമായി പ്രോജക്ട് നം.S.0031/16 പ്രകാരം 10,70,000/-രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 10,43,644/-രൂപ മൂല്യം നിശ്ചയിച്ച പ്രവൃത്തികൾ നടത്തി 10,07,516/- രൂപ (3.5% താഴ്ന്ന നിരക്ക്) ചെലവഴിക്കുകയും ചെയ്തതിന് ശേഷം ആദ്യ രണ്ട് ഘട്ടത്തിലായി പൂർത്തീകരിച്ച ചിലയിനം പ്രവൃത്തികളുടെ പുനരുദ്ധാരണ വേലകൾക്ക് ഉൾപ്പടെയുള്ള തുക വകയിരുത്തി 3-ാം ഘട്ടമായി 48.50 ലക്ഷം രൂപ അടങ്കലിലുള്ള പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടത്തി വരുന്നു.

കുട്ടികളുടെ പാർക്ക് നിർമ്മാണത്തിനായി 23-3-2017 ൽ സൈറ്റ് നിർമ്മിതി കേന്ദ്രത്തിന് വേണ്ടി മെമ്പർ സെക്രട്ടറി ഏറ്റുവാങ്ങിയിരുന്നു. അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തുമ്പോൾ 20% തുക മുൻകൂറായി നല്കാമെന്നതിനാൽ 31-3-2017ൽ 9,70,000/-രൂപ നിർമ്മിതി കേന്ദ്രത്തിന് നല്കി. 23-1-2018ൽ പ്രവൃത്തി പൂർത്തീകരിച്ച് 47,49,069/- രൂപയുടെ ഫൈനൽ ബിൽ നിർമ്മിതി കേന്ദ്രം നല്കി. ബിൽ, നല്കിയതും നല്കാവുന്നതുമായ തുകയുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| നിർമ്മിതി നല്കിയ ബില്ല് പ്രകാരമുള്ള തുക | | ഓഡിറ്റ് പരിശോധിച്ചതിൽ നൽകേണ്ടതുക | | ചെലവഴിച്ച തുകയുടെ വിവരം | |
|---|---|---|---|---|---|
| ഇനം | തുക | ഇനം | തുക | ഇനം | തുക |
| വേലമൂല്യം | 3990301.59 | ആകെ വേലമൂല്യം | 3990301.59 | ആകെ പിൻ പിൻലിച്ചത് 970000+3779069/- | 4749069/- |
| മാനേജ്മെന്റ് ചാർജ് 8% | 319224.13 | (+) മാനേജ്മെന്റ് ചാർജ് 8% | 319224.13 | ഇൻകം ടാക്സ് (-) | 39903/- |
| **ആകെ** | 4309525.72 | ആകെ | 4309525.72 | വെൽഫയർഫണ്ട്(-) | 39504/- |
| അഡ്വാൻസ് നല്കിയത് (-) | 970000.00 | (-)ടാക്സ് പ്രോവിഷൻ | 79806.00 | വെൽഫയർഫണ്ട് നഗരസഭാ വിഹിതം(-) | 399/- |
| വാറ്റ് 4% (-) | 38800.00 | നിർമിതിക്ക് നല്കാനുള്ളത് | 4229719.72 | റിടെൻഷൻ(-) | **1099030.00** |
| | 1008800.00 | നല്കിയത്(അഡ്വാൻസ്) | 970000/- | നിർമിതി കേന്ദ്രം2600233.00+970000/- | 3570233/- |
| (4309525.72-1008800.00) | 3339525.72 | ഫൈനൽബിൽ പ്രകാരം നല്കിയത് | 2600233.00 | | |
| ജി.എസ്.റ്റി 12% | 400743.09 | ആകെ നല്കിയത് | 3570233/- | | |
| | 3740268.81 | ബാക്കി നല്കാനുള്ളത് | 659486.72 | | |
| ആകെ | 4749068.81 | | | | |
| | 4749069.00 | | | | |

(**സർക്കാർ ഉത്തരവ് 95/2017 ഫിൻ തീയതി 25/7/2017 പ്രകാരം അക്രഡിറ്റഡ് ഏജൻസി വഴി നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ അനുവദനീയമായ ഓവർഹെഡ് ചാർജും സെന്റേജ് ചാർജും മാത്രമേ ഏജൻസിക്ക് നൽകേണ്ടതുള്ളൂ, ഓവർഹെഡ് ചാർജ് നികുതി വിഹിതം കൂടി ഉൾപ്പെട്ടതായതിനാൽ അധികമായി നൽകേണ്ടതില്ല.)

നിർമ്മിതി കേന്ദ്രത്തിന് 659486.72 രൂപ മാത്രം നല്കാനുള്ളപ്പോൾ റിടെൻഷൻഷൻ ഇനത്തിൽ 10,99,030/- രൂപ (439543.28/-രൂപ അധികം)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ചത് ക്രമാനുസൃതമല്ല.

<u>**ജില്ലാനിർമ്മിതികേന്ദ്രത്തെ പ്രവൃത്തി ഏല്പിച്ചത് നിയമാനുസൃതമല്ല**</u>

ജി.ഒ (ആർ.റ്റി)244/2013 തസ്വഭവ 30-1-2011 ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം അവരെ ഏല്പിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അക്രഡിറ്റഡ് ഏജൻസികൾ വഴി പ്രവൃത്തി നിർവ്വഹിക്കുമ്പോൾ സൂപ്പർവിഷൻ, അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെന്റ് എന്നിവ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്

ചെയ്യാവുന്നതും മാനേജ്മെന്റ് ചാർജിനത്തിൽ 2% തുക ഏജൻസിക്ക് നല്കുന്നതിനുമാണ് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിലവിലുള്ള വ്യവസ്ഥ. (ജി.ഒ(പി)311/2014 ഫിൻ തീ 30-7-2014 ഉത്തരവിൽ സെന്റേജ് ചാർജ് തസ്വഭവ നിശ്ചയിച്ചിട്ടുള്ളത് നല്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്). പ്രസ്തുത ഉത്തരവിൽ സമാന പ്രവൃത്തികൾ ചെയ്യുന്ന മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മാനേജ്മെന്റ് ചാർജിന് ഓഫറുകൾ സ്വീകരിച്ച് ഏജൻസിയെ കണ്ടെത്താമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധ്യതയും നഗരസഭ പരിഗണിച്ചിരുന്നില്ല.

ചെലവ് ചുരുക്കിയുള്ള മരാമത്ത് പ്രവൃത്തികളിൽ (cost effective works) മാത്രമാണ് നിർമ്മിതി കേന്ദ്രത്തിന് അക്രഡിറ്റേഷൻ ഉള്ളത്. സാധാരണ പ്രവൃത്തികളിൽ പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റൻസി ആയി പ്രവർത്തിക്കാം. എന്നാൽ സാധാരണ ഗതിയിലുള്ള മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം നിർമ്മിതി കേന്ദ്രത്തിനെ ഏല്പിച്ചതിന് കാരണം വ്യക്തമല്ല. നിർമ്മിതി കേന്ദ്രത്തിന് അക്രഡിറ്റേഷൻ ഇല്ലാത്ത ഇലക്ട്രിക്കൽ പ്രവൃത്തികളും നിർമ്മിതി കേന്ദ്രം വഴി ചെയ്തിട്ടുണ്ട്.

<u>സാധനങ്ങളുടെ വാങ്ങൽ നിർമ്മിതി വഴി -മാനേജ്മെന്റ് ചാർജ് നല്കേണ്ടി വന്നു</u>

ചെലവ് ചുരുക്കിയുള്ള മരാമത്ത് പ്രവൃത്തികളിൽ (cost effective works) മാത്രമാണ് നിർമ്മിതി കേന്ദ്രത്തിന് അക്രഡിറ്റേഷൻ ഉള്ളതെന്നിരിക്കെ വിവിധ സാധനങ്ങളുടെ വാങ്ങലുകൾ നിർമ്മിതിയെ ഏല്പിക്കുകയും അവയുടെ വിലയ്ക്ക് കൂടി മാനേജ്മെന്റ് ചാർജ് നൽകേണ്ടി വരുകയും ചെയ്തത് നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ചയാണ്. ആദ്യം കരാറൊപ്പിട്ട എസ്റ്റിമേറ്റ് പ്രകാരം വിവിധ സാധനങ്ങളുടെ വാങ്ങലുകൾക്ക് മാനേജ്മെന്റ് ചാർജ് ഒഴിവാക്കി നല്കിയിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ആയവയ്ക്കും മാനേജ്മെന്റ് ചാർജ് നല്കിയിട്ടുണ്ട്. ഇത് അംഗീകരിക്കാവുന്നതല്ല. ഇനം 40 ആയി 2,67,292/- രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ഇതിന് നല്കിയ മാനേജ്മെന്റ് ചാർജ് (8%) 21,383/- രൂപ നിർമ്മിതി കേന്ദ്രത്തിന് അർഹതപ്പെട്ടതല്ല.

<u>യുക്തിരഹിതമായ നിർമ്മാണം പാഴ്ചെലവുണ്ടാക്കി</u>

പാർക്ക് മൂന്നാം ഘട്ട പ്രവൃത്തിയിൽ കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ സ്ഥാപിച്ചിരുന്ന മേഖല കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ച് 6,17,957/- രൂപ ചെലവിട്ട് മോടിപിടിപ്പിക്കുകയും ഉദ്ഘാടനത്തിന് ശേഷം കളിക്കാനെത്തിയ കുട്ടി കോൺക്രീറ്റ് മേഖലയിൽ വീണ് പരിക്കേറ്റതിനെ തുടർന്ന് ഉപകരണങ്ങൾക്ക് സമീപമുള്ള പേവർ ബ്ലോക്ക് പൊളിച്ച് നീക്കേണ്ട സാഹചര്യവും ഉണ്ടായി. റൈഡുകൾ സ്ഥാപിക്കുന്ന സ്ഥലത്ത് പുല്ലും മറ്റും പിടിപ്പിച്ച് അപകടസാധ്യത ഒഴിവാക്കുന്നതിന് പകരം കോൺക്രീറ്റ് ചെയ്യുകയും പിന്നീട് പൊളിച്ചു മാറ്റുകയും ചെയ്യേണ്ടി വന്നത് ആസൂത്രണത്തിലെ പാളിച്ചയാണ്. കൂടാതെ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റാർഡ്സ് 2006 പ്രകാരം വാഹനഗതാഗതം ഇല്ലാത്ത സ്ഥലങ്ങൾ, പാർക്കുകൾ മുതലായവയിൽ M30 ഗ്രേഡിലുള്ളതും കുറഞ്ഞ കനം 50മി മീ ഉള്ളതുമായ പേവർ ബ്ലോക്കുകൾ മതിയാകും. ഇതിന് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 16-68 പ്രകാരമുള്ള നിരക്ക് നല്കിയാൽ മതി. എന്നാൽ അളവുപുസ്തക പ്രകാരം ലൈറ്റ് ട്രാഫിക്ക് *(Light-traffic is defined as a daily traffic up to 150 commercial vehicles exceeding 30 kN laden weight, or an equivalent up to 0.5 million standard axles (MSA) for a design life of 20 years ( A standard axle is defined as a single axle load of 81.6 kN)ഉള്ള സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന* M35 ഗ്രേഡിലുള്ളതും 60മി മീ കനമുള്ളതു*മായ പേവർബ്ലോക്കുകളുടെ നിരക്കാണ് നല്കിയിട്ടുള്ളത്.* (പ്രാദേശിക പരിശോധനയിൽ 60മി മീന് താഴെ കനമുള്ളതും നഗരസഭാ പ്രദേശത്ത് റോഡ്



പ്രവൃത്തികൾക്ക് പോലും ഉപയോഗിക്കുന്നതുമായ M30 ഗ്രേഡിലുള്ള പേവർ ബ്ലോക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്നു കാണുന്നു) ഇതുമൂലമുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അളവുപുസ്തക പ്രകാരം ചെയ്തതും 654.45 ച.മീ M35 ഗ്രേഡിലുള്ളതും 60മി മീ കനമുള്ളതു*മായ പേവർബ്ലോക്കിന് നല്കിയ തുക @ 944.24/ച.മീ* | 617957.87 |
| ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റാർഡ്സ് 2006 പ്രകാരം ആവശ്യമുള്ളതും 654.45 ച.മീ M30 ഗ്രേഡിലുള്ള *പേവർബ്ലോക്കിന് നല്കാവുന്ന തുക @ 768.04/ച.മീ* | 502643.78 |
| അധികം നല്കിയത് | 115314.09 |

**<u>ടീ സ്റ്റാൾ പ്രവർത്തനം ആരംഭിച്ചില്ല- വാങ്ങിയ സാധനങ്ങൾ ഉപയോഗ രഹിതമായി സൂക്ഷിച്ചിരിക്കുന്നു.</u>**

പാർക്കിന്റെ ഭാഗമായി ആരംഭിക്കുന്ന ടീ സ്റ്റാളിന്റെ ആവശ്യത്തിലേക്കായി വാങ്ങിയ സാധനങ്ങൾ ഒരിക്കൽ പോലും ഉപയോഗിക്കാതെ അടുക്കളയിൽ സൂക്ഷിച്ചിരിക്കുന്നു. സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കസേര 16 | 28672/- |
| 2 | റഫ്രിജറേറ്റർ 1 | 32000/- |
| 3 | ഫ്രീസർ 1 | 29500 |
| 4 | വാട്ടർ പ്യൂരിഫയർ | 10620 |
| 5 | വാട്ടർ കൂളർ | 26500 |
| 6 | കോഫീ റ്റീ ബൈന്റിംഗ് മെഷിൻ 1 | 20000/- |
| | ആകെ | 147292/- |

മേൽപറഞ്ഞതു കൂടാതെ 1,20,000/- രൂപ ചെലവഴിച്ച് ലയൺ മാസ്ക് ഗേറ്റ് വേ ഒരെണ്ണവും വാങ്ങിയിട്ടുണ്ട്. നഗരസഭ പർച്ചേസ് കമ്മറ്റി ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയിരുന്നെങ്കിൽ എസ്റ്റിമേറ്റ് റേറ്റിൽ കുറച്ച് വാങ്ങാൻ കഴിയുമോ എന്ന സാധ്യതയും പരിഗണിച്ചില്ല. ഇതിന് എസ്റ്റിമേറ്റ് നിരക്കും മാനേജ്മെന്റ് ചാർജ്ജും നിർമ്മിതിക്ക് നൽകേണ്ടി വന്നു. പാർക്കിന്റെ പ്രവർത്തനം ആരംഭിച്ച് വിജയസാധ്യത പരിഗണിച്ച് മാത്രം ആരംഭിക്കേണ്ട ടീ സ്റ്റാളിന് വേണ്ടി 1,47,292/- രൂപ ചെലവഴിച്ച് മുൻകൂർ സാധനം വാങ്ങുകയും ഒരുവർഷത്തിന് മുകളിലായി ഉപയോഗിക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നത് സാമ്പത്തിക ദുരുപയോഗമായി കണക്കാക്കേണ്ടിയിരിക്കുന്നു.

**<u>നടത്തിപ്പും സംരക്ഷണവും</u>**

പാർക്കിന്റെ നടത്തിപ്പ്, സംരക്ഷണം എന്നിവയ്ക്ക് കണ്ടിജന്റ് ജീവനക്കാരനെ നിയമിച്ചിട്ടുണ്ടെങ്കിലും പാർക്ക് തുറന്ന് പ്രവർത്തിക്കുന്നതായോ അവശ്യം വേണ്ട സംരക്ഷണം നല്കുന്നതായോ കാണുന്നില്ല. പാർക്കിലെത്തുന്നവരോട് ഫീസ് പിരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആദ്യഘട്ടത്തിൽ 6ലക്ഷം രൂപ മുടക്കിൽ വച്ചുപിടിപ്പിച്ച കാർപ്പറ്റ് ഗ്രാസ് മൂന്നാം ഘട്ടത്തിൽ നീക്കം ചെയ്യുകയും (സംരക്ഷണം ഇല്ലാത്തതിനാൽ) ബഫലോ ഗ്രാസ് 3,15,049/-രൂപ ചെലവിൽ പിടിപ്പിക്കുകയും ചെയ്തു. നിലവിൽ ഇതും സംരക്ഷണം ഇല്ലാത്തതിനാൽ നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്.



മൂന്ന് ഘട്ടങ്ങളിലായി 92.55 ലക്ഷം രൂപ (2015-16 -3499227, 2016-17 1007516, 2017-18 4749069) ചെലവഴിച്ച് നിർമ്മിച്ച പാർക്ക് നിലവിൽ പ്രവർത്തന രഹിതവും ദൈനംദിന പ്രവർത്തനചെലവിനുള്ള വരുമാനം പോലും ലഭിക്കാത്ത അവസ്ഥയിലുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/17-18/12.02.19) മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച 4,39,543.28 രൂപയും ടീ സ്റ്റാളിന് വേണ്ടി വിവിധ സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 1,47,292.00 രൂപയും ഉൾപ്പെടെ 5,86,835.28 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പേവർ ബ്ലോക്ക് വിരിക്കുന്നതിന് അധികമായി ചെലവഴിച്ച 1,47,292/- രൂപയും വിവിധ വാങ്ങലുകൾക്ക് നല്കിയ മാനേജ്മെന്റ് ചാർജ് 21,383/- രൂപയും ഉൾപ്പെടെ 1,68,675/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം പിൻവലിച്ച 4,39,543.28 രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതും വാങ്ങിയ സാധനങ്ങൾ ഫലപ്രദമാക്കി 1,47,292/-രൂപയുടെ ചെലവ് തടസവും ഒഴിവാക്കേണ്ടതാണ്. നിരാകരിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

# 3-10 മുനിസിപ്പൽ എ.സി ഹാൾ മെയിന്റനൻസ് - നിർവ്വഹണം ഫലപ്രദമല്ല

| | |
|---|---|
| പ്രോജക്ട്/ പ്രോജക്ട് നംപർ | മുനിസിപ്പൽ എ.സി ഹാൾ മെയിന്റനൻസ്<br>230/2017,76/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 1000000/-<br>ഇലക്ട്രിക്കൽ-684000/-<br>സിവിൽ -316000/- |
| കരാറുകാരൻ | ഇലക്ട്രിക്കൽ-സനൽകുമാർ<br>സിവിൽ -ജയൻ ഫിലിപ്പ് |
| അളവുപുസ്തകം | 789/17-18 |
| ചെലവ് വിവരം | ഇലക്ട്രിക്കൽ ആകെ ചെലവ് 634625/-(ബിൽ നംപർ40തീ30-8-2017)<br>ഐ.റ്റി -6101/-<br>വാറ്റ്-24405/-<br>കരാറുകാരൻ-573524/-<br>എസ്റ്റിമേറ്റ്-6190/-<br>ചെക്ക്മെഷർമെന്റ്-18304/-<br>വെൽഫയർഫണ്ട്-6101/-<br>സിവിൽ -ആകെ ചെലവ് 314401/-(ബിൽ നംപർ58തീ30-8-2017)<br>ഐ.റ്റി -3144/-<br>കരാറുകാരൻ-308113/-<br>വെൽഫയർഫണ്ട്-3144/- |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള എ.സി ടൗൺഹാൾ നവീകരണത്തിന് 6,84,000/- രൂപയുടെ ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള പ്രോജക്ടും 3,16,000/-രൂപയുടെ സിവിൽ വർക്കുകൾക്കുള്ള പ്രോജക്ടും തയ്യാറാക്കുകയും ടെണ്ടർ നടപടി ക്രമങ്ങളിലൂടെ സിവിൽ വർക്ക് ജയൻ ഫിലിപ്പ് എന്നയാളും ഇലക്ട്രിക്കൽ വർക്ക് സനൽകുമാർ എന്നയാളും ഏറ്റെടുത്തു. സിവിൽ പ്രവൃത്തികളുടെ പൂർത്തീകരണം 29/12/2017 ലും ഇലക്ട്രിക്കൽ വേലകളുടെ പൂർത്തീകരണം 27/06/2017 ലും പൂർത്തിയായിട്ടുണ്ട്. 7-2-2019 തീയതിയിൽ ഓഡിറ്റ് ടീം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത ഹാൾ നേരിൽ പരിശോധിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കുറ്റകരമായ അനാസ്ഥ പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ളതായി കാണുന്നു.


**സിവിൽ പ്രവൃത്തികൾ**



നിലവിലുള്ള ഹാളിൽ വിട്രിഫൈഡ് ടൈൽ വിരിക്കുകയും അലുമിനിയം പാർടീഷ്യൻ, അലുമിനിയം ജനൽപാളി എന്നിവ സ്ഥാപിക്കുകയുമാണ് നിലവിൽ ചെയ്തിട്ടുള്ളത്. പഴയ വിൻഡോ എ.സി കൾ മാറ്റുകയും അവ സ്ഥാപിച്ചിരുന്ന ഭിത്തിഭാഗങ്ങൾ അടച്ച് പ്ലാസ്റ്റർ ചെയ്യുക, മിക്കഭാഗങ്ങളും പൊളിഞ്ഞ് വീഴാറായ അവസ്ഥയിലുള്ള ഫോൾസ് സീലിംഗ് മെയിന്റനൻസ് ചെയ്യുക, ഭിത്തി പെയിന്റ് ചെയ്ത് വൃത്തിയാക്കുക തുടങ്ങിയ സിവിൽ പ്രവൃത്തികൾ ചെയ്ത് മാത്രമേ ഹാൾ ഉപയോഗപ്രദമാക്കാൻ കഴിയൂ. പ്രഥമപരിഗണന നല്കി ചെയ്യേണ്ടിയിരുന്ന ഈ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം ചെയ്യേണ്ടിയിരുന്ന സിവിൽ വേലകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികൾ ഇനി ചെയ്യുമ്പോൾ നിലവിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത ഉണ്ട്.

**<u>ഇലക്ട്രിക്കൽ പ്രവൃത്തികൾ</u>**

6,34,625/- രൂപ ചെലവഴിച്ച് ചെയ്തിട്ടുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ചതിൽ ഹാളിന്റെ പൂർണ്ണമായ വയറിംഗും, 3,64,000/- തുക ചെലവിൽ 1.5ടൺ 7 എ.സി സ്ഥാപിക്കലും 31,200/- തുക ചെലവഴിച്ച് 16 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കലും അനുബന്ധ വേലകളും ഉൾപ്പെടുന്നു. സിവിൽ പ്രവൃത്തികൾക്കൊപ്പം വയറിംഗ്, സ്വിച്ച് ബോർഡുകൾ ഉൾപ്പെടെ ചെയ്ത ശേഷം സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയും അവസാനഘട്ടമായി ഇലക്ട്രിക്കൽ ഉപകരണങ്ങൾ ( എ.സി, ഫാൻസി ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയാണ് സാധാരണ ഗതിയിൽ ചെയ്യുക. ഇതിന് വിപരീതമായി നിലവിലുള്ളതും പൂർണ്ണമായ മെയിന്റനൻസ് ആവശ്യമുള്ള ഭിത്തിയിൽ വിലകൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും പൊളിഞ്ഞ് വീഴാറായ ഫാൾസ് സീലിംഗിന് മുകളിൽ (മെയിന്റനൻസ് ആവശ്യമുണ്ടെന്ന് ഉറപ്പുള്ള)വയറിംഗ് നടത്തി വിലയേറിയ ലൈറ്റുകൾ സ്ഥാപിച്ചതും മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. ഓഡിറ്റ് വിഭാഗം പരിശോധിച്ച സമയത്ത് സ്ഥാപിച്ചിട്ടുള്ള 7 എ.സികളും ഒരിക്കൽ പോലും ഉപയോഗിക്കാതെ നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. സീലിംഗിന് മുകളിലുള്ള വയറിംഗ്, ലൈറ്റുകൾ എന്നിവ മുഴുവൻ അഴിച്ച് നീക്കി സീലിംഗ് പ്രവൃത്തി പൂർത്തിയായ ശേഷം പുനസ്ഥാപിക്കേണ്ട സാഹചര്യമാണുള്ളത്.



**<u>എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്ന് വ്യത്യസ്തമായി അധിക തുക ചെലവഴിച്ചു</u>**

6 പേർ പങ്കെടുത്ത ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ 6,15,941/- രൂപ രേഖപ്പെടുത്തിയ സനൽ കുമാർ എന്നയാൾക്കാണ് ലഭിച്ചത്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം അവസാന ഇനങ്ങളായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 3% തുകയും ചെക്ക് മെഷർ ചെയ്യുന്നതിനുള്ള 1% തുകയും കരാർ ലഭിച്ച സനൽകുമാർ 0 രൂപ രേഖപ്പെടുത്തിയപ്പോൾ മറ്റ് 3 കരാറുകാർ നാമമാത്ര തുകയും 2 പേർ 0 രൂപയുമാണ് രേഖപ്പെടുത്തിയത് . ഈ സാഹചര്യത്തിൽ കരാറുകാരന് നല്കാവുന്ന തുകയും നല്കിയ തുകയും ചുവടെ ചേർക്കുന്നു.

| നല്കിയ തുക | | നല്കാവുന്ന തുക | |
|---|---|---|---|
| പിൻ വലിച്ച തുക | 634625.00 | വേലമൂല്യം | 610131.00 |
| എസ്റ്റിമേറ്റ് 3%(-) | 18304.00 | വാറ്റ് 4%(-) | 24405.24 |
| ചെക്ക് മെഷർമെന്റ്1%(-) | 6190.00 | ഐ.റ്റി1%(-) | 6101.31 |
| വേലമൂല്യം | 610131.00 | വെൽഫയർ ഫണ്ട്1%(-) | 6101.31 |
| വാറ്റ് 4%(-) | 24405.24 | കരാറുകാരന് നല്കിയത് | 573523.14 |
| ഐ.റ്റി1%(-) | 6101.31 | | |
| വെൽഫയർ ഫണ്ട് 1%(-) | 6101.31 | | |
| കരാറുകാരന് നല്കിയത് | 573523.14 | | |

എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്നും അധികമായി 24494/-രൂപ (18304+6190) ചെലവഴിച്ചത് നിയമാനുസൃതമല്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/17-18/11.02.19) മറുപടി നല്കിയിട്ടില്ല. സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷം ചെയ്യേണ്ടിയിരുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ചെലവഴിച്ച 6,34,625/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്ന് അധികമായി ചെലവഴിച്ച 24,494/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-11 സേവന നികുതി ഇനത്തിൽ കരാറുകാരന് നല്കിയ തുക നഗരസഭാ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ 25.11.2016 ലെ ഇൻഡ്&പി.ഡബ്ലിയു.ബി2/187/16 കത്ത് ആധാരമാക്കി 2016-17 ൽ ഏറ്റെടുത്ത ചില മെയിന്റനൻസ് പ്രവൃത്തികൾക്ക് സേവന നികുതി ഉൾപ്പെടെയുള്ള തുക കരാറുകാർക്ക് നല്കിയിട്ടുണ്ട്. കോട്ടയം ബിൽഡിംഗ്സ് ഡിവിഷനിൽ നിന്നും സേവനനികുതി സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട് നല്കിയ മേൽ കത്തിലെ നിർദ്ദേശാനുസരണം എല്ലാ കരാറുകാർക്കും സേവനനികുതി രജിസ്ട്രേഷൻ നിർബന്ധമാണെന്നും, സേവന നികുതി അടച്ച രസീത് കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി നിക്ഷേപം മടക്കി നല്കുന്നതിന് മുൻപ് സേവന നികുതി അടച്ച രസീത് കണ്ട് ബോധ്യപ്പെടേണ്ടതാണെന്നും ഓരോ മാസവും കരാറുകാർക്ക് നല്കിയ ബില്ലുകളുടെ വിവരങ്ങൾ സേവനനികുതി അക്കൗണ്ട് നമ്പർ ഉൾപ്പെടെ സേവന നികുതി വിഭാഗത്തിന് അയച്ചു കൊടുക്കേണ്ടതുമാണെന്നും അറിയിച്ചിട്ടുണ്ട്.

2016-17 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ വാർഡ് 4 മുനിസിപ്പൽ ക്വാർട്ടേഴ്സ് കോംപ്ലക്സ് അങ്കണവാടി അറ്റകുറ്റപ്പണി (പ്രോജക്ട് നം. 204/17, 64/2018) സാജൻജോസഫ് എന്ന കരാറുകാരൻ ഏറ്റെടുക്കുകയും 2,80,162/- രൂപയ്ക്ക് (റോഡിതരമെയിന്റനൻസ് ഗ്രാന്റ്)പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയോടൊപ്പം സേവന നികുതി (10.5%)യായ 29417/- രൂപ കൂടി ഉൾപ്പെടുത്തി 309579/- രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ഐ.റ്റി | 2802.00 |
| വാറ്റ് | 11206.00 |
| വെൽഫയർഫണ്ട് | 2774.00 |
| | |

| | |
|---|---|
| ഫൈൻ | 2845.00 |
| കരാറുകാരൻ | 289952.00 |

സേവനനികുതി ഇനത്തിൽ നല്കിയ 29,417/- രൂപ കരാറുകാരൻ 2/11/2017 ൽ 01/117010107837 നമ്പർ രസീത് പ്രകാരം നഗരസഭ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. കരാറുകാരൻ സ്വന്തം അക്കൗണ്ട് വഴി കേന്ദ്രഗവൺമെന്റിന് അടയ്ക്കേണ്ട തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് നിയമാനുസൃതമല്ല. ഈ ഇനത്തിൽ പിൻവലിച്ച 29,416/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-12 നഗരസഭ ആസ്തിയല്ലാത്ത റോഡിൽ മരാമത്ത് പ്രവൃത്തികൾ- നടപടി ക്രമവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. & പേര് | 97/18 13-ാം വാർഡിൽ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ | 13,00,000/-(മെയിന്റനൻസ് ഗ്രാന്റ് -റോഡ്) |
| ചെലവ് | 11,76,568/- (ബിൽ നം.11/17-18 തീയതി 22.03.18) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മാത്യു തോമസ് , കണംപറമ്പിൽ |
| എംബുക്ക് നം | 19/17-18 |

നഗരസഭയുടെ 13,14 വാർഡുകളിൽ കൂടി കടന്നുപോകുന്ന മുരിക്കുംപുഴ-ഇടമറ്റം പിഡബ്ല്യുഡി റോഡിന്റെ ഇരുവശങ്ങളിലും 230m നീളത്തിലും 1.6m വീതിയിലും കോൺക്രീറ്റിങ്ങ് /ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനും മുരിക്കുംപുഴ-കണ്ണാടയുറുമ്പ് റോഡ് 50m നീളത്തിലും 4m വീതിയിലും കോൺക്രീറ്റിങ്ങ് ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ള പ്രോജക്ടായിരുന്നു ഇത്. പ്രസ്തുത റോഡ് പിഡബ്ല്യുഡി റോഡാകയാൽ അസി.എക്സി.എഞ്ചിനീയർ, പിഡബ്ല്യുഡി റോഡ് വിഭാഗത്തിന്റെ അനുമതി തേടുകയും ടി അനുമതിയോടെ നഗരസഭ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തി പൂർത്തീകരിച്ച് കരാറുകരന് തുക നൽകുകയും ചെയ്തു. എന്നാൽ നഗരസഭയുടെ ആസ്തിയിലുൾപ്പെടാത്ത റോഡുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. ടി വിഷയത്തിൽ സ്പഷ്ടീകരണമാവശ്യപ്പെട്ട് 20-12-17 ലെ കത്ത് നം PW-1-7021/17പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല. പിഡബ്ല്യുഡി ഉടമസ്ഥതയുള്ള റോഡിൽ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടുപയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/17-18/10.02.19) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടേതല്ലാത്ത ആസ്തിയിൽ നടത്തിയ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ച 11,76,568/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 പ്ലാസ്റ്റിക് ഷ്രേഡിങ്ങ് മെഷീൻ സ്ഥാപിക്കൽ -മെഷീൻ സ്ഥാപിക്കാതെ നഗരസഭാ പാർക്കിംഗ് ഏരിയയിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം. 145/18

അടങ്കൽ 4,50,000/-

ചെലവ് 3,16,816 (ബിൽ നം.17/17-18 തീയതി 28.03.18)

സ്രോതസ്സ് വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണോദ്യോഗസ്ഥൻ -ഹെൽത്ത് ഓഫീസർ (നഗരസഭ)

പാലാ നഗരസഭ ശുചിത്വമാലിന്യസംസ്കരണത്തിന്റെ ഭാഗമായി നഗരസഭയിലെ 26 വാർഡുകളിലെയും വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ മുഖേന ശേഖരിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ, വാട്ടർ ബോട്ടിൽ, മറ്റ് യോഗ്യമായ

പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ കളക്ഷൻ സെന്ററിൽ എത്തിച്ച് പുനരുപയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടായിരുന്ന പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ് സ്ഥാപിക്കൽ. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ബിറ്റുമിനുമായി മിക്സ് ചെയ്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. 3,16,816/- രൂപ ചെലവഴിച്ച് മെഷീൻ വാങ്ങുകയുണ്ടായി. എന്നാൽ പ്രോജക്ട് റിപ്പോർട്ടിലൊരിടത്തും ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. സ്ഥാപിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം മരാമത്ത് വിഭാഗം നടപടി സ്വീകരിക്കുന്നതാണ് എന്ന് മാത്രം രേഖപ്പെടുത്തിയിരുന്നു. നഗരസഭാ അധികൃതരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ മെഷീൻ സ്ഥാപിക്കാതെ നഗരസഭ പാർക്കിംഗ് ഏരിയയിൽ കാണപ്പെട്ടു.



മെഷീൻ വാങ്ങുന്നതിന് മുന്നോടിയായി ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ പ്രകാരം 1000ച.അടി വിസ്തൃതിയുള്ള ഷെഡ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമാണെന്നും 3ഫേസ് ഇലക്ട്രിക് കണക്ഷൻ, ആവശ്യത്തിന് ജലലഭ്യത എന്നിവ ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ, മെഷീൻ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം പോലും കണ്ടെത്താതെ ഫണ്ട് ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ ഷ്രെഡിങ്ങ് മെഷീൻ വാങ്ങിയ നടപടി ഗുരുതരമായ സർക്കാർ ഫണ്ട് ദുരുപയോഗമാണ്.

മുനിസിപ്പൽ ക്വാർട്ടേഴ്സിന് സമീപം സ്ഥാപിക്കാൻ ആദ്യം തീരുമാനമെടുത്തുവെങ്കിലും ജനങ്ങളിൽ നിന്നുള്ള എതിർപ്പിനെ തുടർന്ന് തീരുമാനം മാറ്റുകയുണ്ടായി. 6/10/18 ലെ കൗൺസിൽ തീരുമാനപ്രകാരം കാനാട്ടുപാറയിലുള്ള ഡംബിങ്ങ് ഗ്രൗണ്ടിൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ മേൽതീരുമാനവും നടപ്പിലായില്ല. M/s ഹൊറൈസൺ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. 12/26-03-18 പ്രകാരം വാങ്ങിയ പ്രതിദിനം 100Kg കപ്പാസിറ്റിയും 12HP മോട്ടോറുമുള്ള ഷ്രെഡിങ്ങ് മെഷീന് ഗ്യാരന്റി 1 വർഷക്കാലമാണ്. ഗ്യാരന്റി കാലയളവ് തീരാറായിട്ടും ടി മെഷീൻ പ്രവർത്തിപ്പിച്ച് നോക്കുന്നതിന് പോലും സാധിച്ചിട്ടില്ല. തൻമൂലം യന്ത്രഭാഗങ്ങൾക്ക് നിർമ്മാണതകരാർ ഉണ്ടെങ്കിൽ പോലും പരിഹരിക്കുന്നതിനുള്ള സാദ്ധ്യതയും ഇല്ലാതാവുന്നു. മേൽപറഞ്ഞ അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/17-18/10.02.19) മറുപടി ലഭ്യമാക്കിയില്ല. മെഷീൻ പ്രവർത്തനസജ്ജമാക്കി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 3,16,816/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ബാലസഭ- രണ്ടു വർഷം കൊണ്ട് ചെലവഴിക്കേണ്ടതുക ഒരുമിച്ച് ചെലവഴിച്ചു-ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് അടവാക്കണം

നഗരസഭയിലെ 26 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ക്യാമ്പുകൾ, സെമിനാറുകൾ, പഠനയാത്രകൾ, പരിസ്ഥിതി സൗഹൃദ വിനോദയാത്രകൾ, എന്നിവയ്ക്കായി 2017-18 വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി ബാലസഭാ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി (പ്രോ.നം 144/18) 50,000/- രൂപ

(ബിൽ നം.8/17-18/20.01.18) കോട്ടയം ജില്ലാ സഹകരണ ബാങ്കിലുള്ള സിഡിഎസ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 050341200402503) കൈമാറി നൽകിയിരുന്നു. 2016-17 വർഷം നൽകിയ 50,000/- രൂപയും 2017-18 വർഷം ലഭിച്ച 50,000/-രൂപയും അക്കൗണ്ടിലവശേഷിച്ചിരുന്നുവെങ്കിലും 2017-18 വർഷം വരെ തുകയൊന്നും ചെലവഴിച്ചിരുന്നില്ല. എന്നാൽ നടപ്പുവർഷത്തിൽ വിവിധ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവയ്ക്കായി ഡിസംബർ 2018 വരെ 77,078/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും മുൻകൂറായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും അതാത് വർഷം ചെലവഴിക്കാതിരിക്കുകയും 2 വർഷങ്ങളിലായി ചെലവഴിക്കേണ്ട തുക മുഴുവൻ ഒറ്റവർഷത്തേക്ക് ചെലവഴിക്കുകയും ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല. 2016-17, 2017-18 വർഷങ്ങളിൽ സി.ഡി.എസ്.അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 1,00,000/- രൂപയിൽ 2018 ഡിസംബർ മാസം വരെ ചെലവഴിച്ച 77,078/- രൂപ കിഴിച്ച് നീക്കിയിരിപ്പുള്ള 22,922/- (100000-77078) രൂപ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-15 ഖരമാലിന്യ പരിപാലനം - ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 330, 331 പ്രകാരം നഗരസഭാ പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെട്ടതാണ്. മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ 2000 പ്രകാരം ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ പാലാ നഗരസഭയിൽ നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. 2005-06 മുതൽ വിവിധ വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തി വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

നഗരസഭയുടെ 2005-06 വാർഷിക പദ്ധതിയിൽപ്പെടുത്തി കാനാട്ടുപാറ പ്രദേശത്ത് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന വികസനഫണ്ടിൽ നിന്ന് 52,73,879/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ്ലാന്റ് സ്ഥാപിച്ചിരിക്കുന്ന 3.5 ഏക്കറോളം സ്ഥലം കാടുപിടിച്ച് കിടക്കുന്നതായും പ്ലാന്റിലെ ഉപകരണങ്ങൾ തുരുമ്പെടുത്ത് ഉപയോഗശൂന്യമായതായും കാണപ്പെടുന്നു. 2011-12 വർഷം പ്ലാന്റ് അടച്ചുപൂട്ടുകയുണ്ടായി.

2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി വികസനഫണ്ട് 2 ലക്ഷം രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടതാണ് തുമ്പൂർമുഴി മോഡൽ എയറോബിക് മോഡൽ മാലിന്യസംസ്കരണ പ്ലാന്റ്. കൗൺസിൽ നിർദ്ദേശപ്രകാരം കൊട്ടാരമറ്റം ബസ്സ്റ്റാന്റ്, വെറ്ററിനറി ഹോസ്പിറ്റൽ കോമ്പൗണ്ട് എന്നിവിടങ്ങളിലായി പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. കൊട്ടാരമറ്റം ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷന്റെ സെപ്റ്റിക് ടാങ്കിന് മുകളിലായി ഒരു യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഉണങ്ങിയ ഇലകൾ മാത്രമേ ഈ പ്ലാന്റിൽ സംസ്കരിക്കുവാൻ സാധിക്കുകയുള്ളൂ. ടി യൂണിറ്റ് പ്രവർത്തിക്കുന്നതായി കാണുന്നു. വെറ്ററിനറി ഹോസ്പിറ്റൽ അധികാരികളുടെയും പ്രദേശവാസികളുടെയും എതിർപ്പു മൂലം ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പ്ലാന്റ് സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

2017-18 വാർഷിക പദ്ധതിയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിനും ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി രണ്ട് പ്രോജക്ടുകൾ രൂപീകരിച്ചിരുന്നു. പ്രോജക്ട് നം.145/18 പ്രകാരം 3,16,816/- രൂപ ചെലവഴിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. 3/18ൽ വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഷ്രെഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് തുടർനടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെടുന്ന മാലിന്യനീക്കം ചെയ്യലിനായി നിലവിൽ നഗരസഭയ്ക്ക് യാതൊരു സംവിധാനവുമില്ല. മാലിന്യനീക്കം നടത്തുന്നതിനായി ഉപയോഗിച്ച് വന്നിരുന്ന ടിപ്പർ ലോറികൾ ഉൾപ്പടെയുള്ള വാഹനങ്ങൾ നിലവിൽ പ്രവർത്തനങ്ങളില്ലാതെ സൂക്ഷിക്കുന്നതായി കണ്ടെത്തി. 2016ലെ സോളിഡ് വേസ്റ്റ്

മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ ബയോമെഡിക്കൽ റൂൾ എന്നിവയനുസരിച്ച് പാലാ നഗരസഭയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നില്ല. നിലവിൽ നഗരസഭയിലെ മാലിന്യസംസ്കരണം യഥാവിധിയല്ല നടന്നുവരുന്നത് എന്ന് വ്യക്തമാകുന്നു. മാലിന്യസംസ്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽനിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

# 3-16 യാചകപുനരധിവാസം-സ്വകാര്യ വ്യക്തി നടത്തുന്ന സ്ഥാപനത്തിന് സർക്കാർ ധനസഹായം

പാലാ നഗരസഭയിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന യാചകരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 2015-16 വർഷം ആരംഭിച്ച പദ്ധതിയാണ് യാചകപുനരധിവാസകേന്ദ്രത്തിന് സഹായംനൽകൽ. ഇതിനായി സന്തോഷ് ജോർജ്ജ് എന്ന വ്യക്തി നടത്തി വരുന്ന മരിയസദൻ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സ്ഥാപനത്തിലെ രണ്ടുമുറികൾ ഏറ്റെടുക്കുകയും നഗരസഭ അറ്റകുറ്റപ്പണികൾ നടത്തി അവശ്യസാധനങ്ങളും വാങ്ങി പ്രവർത്തനം ആരംഭിക്കുയും ചെയ്തിരുന്നു. ഒരാൾക്ക് പ്രതിദിനം 98/-രൂപ നിരക്കിൽ ഭക്ഷണച്ചെലവിനായി ടി സ്ഥാപനത്തിന് വർഷം തോറും തുക അനുവദിച്ചു നൽകിയിരുന്നു. 2017-18 വർഷം പ്രോജക്ട് നം.138/18 പ്രകാരം ഭക്ഷണച്ചെലവിനായി മരിയസദന് 6 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. വിവിധ വർഷങ്ങളിൽ അനുവദിച്ചുനൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 | 11,62,398 |
| 2016-17 | 7,37,602 |
| 2017-18 | *6,00,000 |

* ബിൽ നം.11/17-18/27.01.18 - 1,74,930/-
ബിൽ നം.18/17-18/28.03.18 - 41,694/-
ബിൽ നം.11/17-18/27.01.18 - <u>3,83,376/-</u>
6,00,000/-

യാചകപുനരധിവാസത്തിനായി നഗരസഭയ്ക്ക് ഒരു സ്വകാര്യ സ്ഥാപനത്തെ ആശ്രയിക്കേണ്ടി വന്ന സാഹചര്യം വ്യക്തമല്ല. നഗരസഭയ്ക്ക് തന്നെ ഇത്തരം ഒരു സജ്ജീകരണം ഒരുക്കാമെന്നിരിക്കെ ഇതിനായി സർക്കാർധനം സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നത് ശരിയായ നടപടിയല്ല. പ്രസ്തുത സ്ഥാപനത്തിന് സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭ്യമാകാതിരുന്നതിന്റെ കാരണം വ്യക്തമല്ല. നഗരസഭ നിയോഗിച്ച ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചുവരുന്നത്. എന്നാൽ എച്ച് ഐ യാചകരുടെ ഹാജർ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 12/2018, 01/2019 എന്നീ മാസങ്ങളിൽ യാചകരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതിൽ നിന്നും മരിയസദൻ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ നഗരസഭയിൽ ഹാജർ രേഖപ്പെടുത്തുന്നുള്ളുവെന്ന് വ്യക്തമാകുന്നു. ഇത് ശരിയായ നടപടിയല്ല. ഈ രീതിയിൽ സർക്കാർ ധനം സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നതിന് സർക്കാർ അനുമതി ആവശ്യമുള്ളതും സ്ഥാപനത്തിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമാക്കി സർക്കാർ ഗ്രാന്റിന് അർഹത നേടുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ മരിയസദൻ ചാരിറ്റബിൾ ട്രസ്റ്റിനോട് ആവശ്യപ്പെടാവുന്നതുമാണ്. 2017-18 വർഷം ക്രമവിരുദ്ധമായി നൽകിയ 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-17 സ്വാപ്പ് ഷോപ്പ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഉപയോഗപ്രദമായ സാധനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുക എന്ന ഉദ്ദേശത്തോടെ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്തി നഗരസഭാ കോമ്പൗണ്ടിൽ സ്വാപ്പ് ഷോപ്പ് ആരംഭിക്കുന്നതിന് നഗരസഭ 2017-18 വർഷം പ്രോജക്ട് ആസൂത്രണം ചെയ്യുകയുണ്ടായി. ഈ ആവശ്യത്തിലേക്ക് മുറി നിർമ്മിക്കുന്നതിനായി നഗരസഭ പൊതുമരാമത്ത് വിഭാഗം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്വാപ്പ് ഷോപ്പ് നിർമ്മാണ പ്രോജക്ട് (പ്രോജക്ട് നം.114/18) തയ്യാറാക്കുകയും 3,43,335/- രൂപ (ബിൽ നം.12/17-18/29.03.18) ചെലവഴിച്ച് മുറി നിർമ്മിക്കുകയും ചെയ്തിരുന്നു. എന്നാൽ 8-2-19ന് നഗരസഭാ അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ സ്വാപ്പ് ഷോപ്പിനുള്ളിൽ നഗരസഭയിലെ ഉപയോഗശൂന്യമായ ഇ-വേസ്റ്റ്, വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ എന്നിവ വച്ചിരിക്കുന്നതായി കാണപ്പെട്ടു. പ്രളയസമയത്ത് ശേഖരിച്ച കുറച്ച് ഉപയോഗശൂന്യമായ വസ്തുങ്ങളും ഷോപ്പിൽ കാണപ്പെട്ടു. ഇതിൽ പൊതുജനങ്ങൾക്ക് കൈമാറ്റം നടത്തി ഉപയോഗിക്കാവുന്നവ ഒന്നും തന്നെയില്ലായെന്നത് ബോദ്ധ്യമായി. നഗരസഭയിലെ ഉപയോഗശൂന്യമായവയും വാങ്ങൽ നടത്തിയ ഉപകരണങ്ങളും സൂക്ഷിക്കുന്നതിനുള്ള ഒരു ഗോഡൗണായി സ്വാപ്പ് ഷോപ്പ് മാറിയ സാഹചര്യമാണ് നിലവിലുള്ളത്. വളരെ നൂതനമായ ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് തുടക്കത്തിൽ



തന്നെ ഫലപ്രാപ്തിയിലെത്തിയില്ലായെന്നത് ആവിഷ്കരണത്തിൽ വന്ന പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്വാപ്പ് ഷോപ്പിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കാനുതകുന്ന തരത്തിൽ ഉപയോഗ പ്രദമാക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നും ഊർജ്ജിതശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 3,43,335/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ആശ്രയ പ്രോജക്ട് - അക്കൗണ്ടിൽ പ്ലാൻഫണ്ട് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

ആശ്രയ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ വിവിധ ആനുകൂല്യങ്ങൾക്കായി പ്രോജക്ടിലുൾപ്പെടുത്തിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സേവനങ്ങൾ | ആദ്യഘട്ടം | രണ്ടാംഘട്ടം |
|---|---|---|
| പാർപ്പിടം | 14 | 10 |
| ഭൂമിവാങ്ങൽ | 11 | 4 |
| പെൻഷൻ | 30 | 18 |
| വീട് മെയിന്റനൻസ് | 26 | 49 |
| വൈദ്യുതി | 7 | 15 |
| സാനിട്ടറി യൂണിറ്റ് | 12 | 58 |

**ആശ്രയ ഒന്നാംഘട്ടം**

ആശ്രയ ഒന്നാംഘട്ട പ്രോജക്ടിൽ, ഭവന നിർമ്മാണത്തിനായി പ്ലാൻഫണ്ടിൽ നിന്നും 4,50,000/- രൂപ (14.03.13, 09.04.14 തീയതികളിൽ) ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഒന്നാംഘട്ട പ്രോജക്ട് പ്രകാരം 14 കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉണ്ടായിരുന്നിട്ടും നാളിതുവരെ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. മാത്രമല്ല ആശ്രയ പ്രോജക്ട് റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് വിനിയോഗിച്ച് യാതൊരു സേവനവും നഗരസഭ നൽകിയില്ലായെന്നത് അത്യന്തം ഗുരുതരമായ വീഴ്ചയാണ്. ആശ്രയ ഒന്നാം ഘട്ട പ്രോജക്ടുകൾ 2015 ൽ അവസാനിച്ചിരുന്നു. ആശ്രയ ഒന്നാംഘട്ട തുടർസേവന പ്രോജക്ട് എത്രയും വേഗം തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തോടു കൂടി ജില്ലാമിഷനിൽ എത്തിക്കുവാൻ 22.6.17 ലെ 60 B/2016/K.S./K.T.M കത്തു മുഖേന കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആവശ്യപ്പെട്ടുവെങ്കിലും തുടർപ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

**<u>ആശ്രയ രണ്ടാംഘട്ടം</u>**

2013-2016 കാലയളവിലേയ്ക്കായി ആശ്രയ രണ്ടാം ഘട്ടം നടപ്പാക്കിയിരുന്നു. രണ്ടാം ഘട്ടത്തിൽ 2016-17 വർഷം വികസനഫണ്ടിൽ നിന്നും അനുവദിച്ച 4,00,000 രൂപയിൽ നിന്നും സ്ഥലം വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് 2,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷികപദ്ധതിയിൽപ്പെടുത്തി ഒരാൾക്ക് ഭവന നിർമ്മാണത്തിനായി 2,50,000/- രൂപയും 10 പേർക്ക് വീട് മെയിന്റനൻസിനായി 2,50,000/- രൂപയുമുൾപ്പടെ 5,00,000/- രൂപ അനുവദിച്ചിരുന്നു. ഇതിൽ ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താവിന് 2,25,000/- രൂപയും വീട് മെയിന്റനൻസിന് 2 പേർക്ക് 25,000/-രൂപ വീതം 50,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻഫണ്ട് വിഹിതം 4,25,000/- രൂപയാണ്.

രണ്ടുഘട്ടങ്ങളുടെയും ബാങ്ക് അക്കൗണ്ടിൽ ആകെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് വിഹിതം 8,75,000/- രൂപയാണ്. 2013 വർഷം മുതലുള്ള പ്ലാൻഫണ്ട് വിഹിതം അത് ലഭ്യമാക്കിയ ഉദ്ദേശത്തിന് വിനിയോഗിക്കാതെ അക്കൗണ്ടിൽ നിർജ്ജീവമായി സൂക്ഷിക്കുന്നത് സർക്കാർ ധനം ദുരുപയോഗം ചെയ്യുന്നത് പോലെയാണ്.

1-ാം ഘട്ടത്തിനായുള്ള പാലാ ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.6112202055) 31.3.18 ൽ 11,14,409.47 രൂപയും, 2-ാം ഘട്ടത്തിനായുള്ള പാലാ പഞ്ചാബ് നാഷണൽ ബാങ്കിൽ (അക്കൗണ്ട് നം 4326000100027984) 31.3.18 ൽ 9,72,064.29 രൂപയും നീക്കിയിരിപ്പുണ്ട്. നിലവിൽ രണ്ടുഘട്ടങ്ങളും അവസാനിച്ചിരിക്കുന്നതിനാൽ തുടർ സേവന പ്രോജക്ട് തയ്യാറാക്കി ജില്ലാമിഷൻ കോർഡിനേറ്ററുടെ അംഗീകാരത്തിനായി അയച്ച് തുടർപ്രവർത്തനങ്ങൾ നടത്തി വിവരം അറിയിക്കേണ്ടതാണ്.

# 3-19 സോഡിയം വേപ്പർ ലാമ്പ് എ.എം.സി. - പ്രവൃത്തി പ്രോജക്ട് മുഖേന നടപ്പാക്കേണ്ടതാണ്

2008 മുതൽ നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന 470 സോഡിയം വേപ്പർ ലാമ്പുകളുടെ പരിപാലനത്തിനായി ശ്രീ.രാജു മുട്ടത്ത് ഏജൻസി ,ചാമംപതാൽ എന്നയാളുമായി എ.എം.സി.യിൽ ഏർപ്പെട്ടിട്ടുണ്ട്. 2017-18 വർഷം 464 ലാമ്പുകൾക്കായി 2400/- രൂപ നിരക്കിൽ വിവിധ ചെക്കുകൾ മുഖേന 11,13,600/- രൂപ തനത്ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. വിവിധ വാർഡുകളിലെ പ്രവർത്തിക്കുന്ന ലാമ്പുകളുടെ എണ്ണം ഓരോ വർഷത്തെയും കരാർ പുതുക്കുന്നതിന് മുമ്പ് നിർണ്ണയിക്കുന്നില്ല. ലാമ്പുകളുടെ പരിപാലനം സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. പ്രവൃത്തി നിർവഹണത്തിന് പ്രോജക്ട് രൂപീകരിക്കാതെ തനത്ഫണ്ടിൽ നിന്നും നേരിട്ട് നിർവഹണം നടത്തിയിരിക്കുന്നു.

3. എല്ലാ വർഷത്തെയും പ്രവൃത്തി ഒരേ കരാറുകാരനു തന്നെ നൽകുന്നുവെങ്കിലും ടെണ്ടർ നടപടിക്രമത്തിൽ കാലതാമസം വരുത്തുന്നു.

അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 വിവിധ പ്രവൃത്തികൾക്കായി മുൻകൂർ അനുവദിച്ചത് - ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

2017-18 വർഷം നഗരസഭയിൽ മുൻകൂർ അനുവദിച്ച് നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രവൃത്തികൾ നടപ്പാക്കി മുൻകൂർ തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ/ ഉപവൗച്ചറുകൾ ബന്ധപ്പെട്ട ഫയലിനൊപ്പം ചേർത്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ഫയൽ നം | പ്രവൃത്തി | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|---|
| 74-8/17-18 | PW3-7458/17 | കുടുംബശ്രീ ഹോട്ടൽ അടിയന്തിര അറ്റകുറ്റപ്പണികൾ | റ്റി.പി.സാബു , റ്റി.ജി.ഓ | 49870 | 99717/25.08.17 |
| 61-8/17-18 | PW3-7794/17 | ഗവ.ഹോസ്പിറ്റലിനു സമീപമുള്ള വെയിറ്റിംഗ് ഷെഡിനു സമീപമുള്ള മലിനജലം നീക്കം ചെയ്യൽ | റ്റി.പി.സാബു , റ്റി.ജി.ഓ | 49905 | 99708/25.08.17 |
| 32-7/17-18 | PW1-6558/17 | പാലാ മാർക്കറ്റിംഗ് കോംപ്ലക്സിലെ ഇടഭിത്തികൾ പൊളിച്ചു നീക്കൽ | ജയപ്രകാശ് ആർ, എഫ്.ജി.ഓ | 55000 | 63394/10.07.17 |
| | | ആകെ | | 154775 | |

1,54,775/- രൂപ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള 1,54,775/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-21 പെൻഷൻ ഫണ്ട്- ഗണ്യമായ തുക തനതുഫണ്ടിൽ നിന്ന് ചെലവഴിയ്ക്കേണ്ടി വരുന്നു.

നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ 2017-18 വർഷത്തെ പെൻഷൻ ഇനത്തിൽ ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെ 1,11,19,631/- രൂപയും കണ്ടിജന്റ് പെൻഷൻ ഇനത്തിൽ 57,73,055/- രൂപയും തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിയ്ക്കാത്തതിനാൽ 2017-18 വരെയുള്ള കുടിശ്ശിക ഡിമാന്റ് തന്നെ 8,00,80,771/- രൂപയാണ്. നഗരകാര്യഡയറക്ടറുടെ 15-2-18 ലെ ഉത്തരവ് പ്രകാരം 1,50,04,905/- രൂപ തൻവർഷം പെൻഷൻ അലോട്ട്മെന്റിനത്തിൽ നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്. ഈ തുക തനതുഫണ്ടിലേയ്ക്ക് റീഇംബേഴ്സ് ചെയ്തു. കുടിശ്ശിക തുക മുഴുവനും ലഭ്യമാകുന്നതിനു വേണ്ടി നിരന്തരം കത്തിടപാടുകൾ നടത്തുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം - ലൈസൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 152/18 |
| ചെലവ് | 3,37,500/- (ബിൽ നം - 12/18.01.18)- വികസന |

| | |
|---|---|
| | ഫണ്ട് (പൊതുവിഭാഗം) |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ടോപ്പ് ഗിയർ ഹീറോ തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്ന് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി അഞ്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. എന്നാൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ വിവരവും, ശ്രീമതി അമ്മിണിക്കുട്ടി പി.ജി വെള്ളാപ്പാണിയിൽ, സിന്ധു കുഴിമറ്റത്തിൽ മൂന്നാനി, ജോണി പി.പി., പൂവേലിത്താഴെ എന്നീ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭ്യമായ വിവരവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - മുഴുവൻ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പദ്ധതി : പ്രത്യേക കന്നുകുട്ടി പരിപാലനം (നം. S172/ 2018 )

വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) : 2,50,000/- രൂ

മറ്റുള്ളവ : 2,50,000/- രൂ

ആകെ അടങ്കൽ : 5,00,000/- രൂ

ചെലവ് : 2,50,000/- രൂ

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത് ) : 2,50,000/- രൂ

ഗുണഭോക്താക്കൾ : 20

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ടി പദ്ധതിക്കായി 2,50,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട് (അക്കൗണ്ട് നം. 708011400000050). എന്നാൽ ടി പദ്ധതിയുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നില്ല. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (2/04.02.2019) പ്രസ്തുത പദ്ധതി നിലവിൽ തുടർന്നുവരുന്നതായും 05.02.2019 തീയതി വരെ 1,18,202/- രൂപ ടി പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ടെന്നും 1,31,798/- രൂപ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നുണ്ടെന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം മറുപടിയായി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവഴിക്കപ്പെടാതെ ശേഷിച്ചിട്ടുള്ള 1,31,798/- രൂപ അടക്കം മുഴുവൻ തുകയുടെയും പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-24 ലാബ് റീയേജന്റുകൾ ലഭ്യമാക്കിയിട്ടില്ല- 18,594/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥനായ "ഗവ.ആയുർവേദ ആശുപത്രിക്ക് ലാബ് റീഏജന്റ്, എ.എം.സി, ജനറേറ്റർ എ.എം.സി (പ്രോജക്ട് നം 158 /17-18) " എന്ന പ്രോജക്ട് പ്രകാരം എ.ബി.സി ഡയഗണോസ്റ്റിക്, കോട്ടയം എന്ന സ്ഥാപനത്തിന് റീഏജന്റുകൾ വാങ്ങുന്നതിനായി 50,000/- രൂപ (ബിൽ നം. 81/17-18 തീ.12.01.18 തുക-50000രൂപ) കൈമാറിയിട്ടുണ്ട്. (A/cനം-2982008700000187,പി.എൻ.ബി). എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ, ബില്ലുകൾ (എ.ബി.സി ഡയഗണോസ്റ്റികിന്റെ ഡെലിവറി നോട്ട്) എന്നിവ പരിശോധിച്ചതിൽ 18594 രൂപയ്ക്കുള്ള റീഏജന്റുകൾ ലഭ്യമായിട്ടില്ലയെന്ന് കാണുന്നു. ലാബ് റീഏജന്റുകൾ നാളിതുവരെ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/1.2.18) റീയേജന്റുകൾ മൊത്തമായി വാങ്ങിയാൽ ഉപയോഗശൂന്യമാകാൻ സാധ്യതയുള്ളതിനാൽ ആവശ്യാനുസരണം മാത്രമേ വാങ്ങുന്നുള്ളൂ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ബാക്കി തുകയ്ക്കുള്ള റീയേജന്റുകൾ കൂടി

ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ ലഭ്യമാക്കാത്ത റീയേജന്റുകൾക്കായി അടവാക്കിയ 18,594/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-25 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 161/17-18 (ജനറൽ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ)

അടങ്കൽ - 1,00,00/- ( നോൺ റോഡ് വിഭാഗം)

ചെലവ് - 99,919/-

ബില്ലിന്റെ വിശദാംശങ്ങൾ- നം.10/17-18; തീയതി 27-01-18; തുക- 67169/- രൂപ

- നം.16/17-18; തീയതി 28-03-18; തുക- 32750/- രൂപ

പാലാ ജനറൽ ആശുപത്രിയിലേക്ക് യു.പി.എസ്, പ്രിന്റർ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ, കമ്പ്യൂട്ടർ ചെയർ എന്നിവ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് പ്രകാരം 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, 2 യു.പി.എസുകൾ എന്നിവ വാങ്ങുന്നതിനായി 67,169 രൂപ 30.01.18 തീയതി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.3624001800000019, പി.എൻ.ബി). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഹൈക്കൺ ഇൻഡ്യ ലിമിറ്റഡിന്റെ 11.05.18 ലെ HOB/1819000793 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം 3302/- രൂപയുള്ള യു.പി.എസുകളും (2എണ്ണം- സ്റ്റോക്ക് രജിസ്റ്റർ-209 പേജ്) എച്ച്.പി ഇൻഡ്യ സെയിൽസ് പ്രൈ.ലിമിറ്റഡിന്റെ 29.05.18 തീയതിയിലെ J91EA03007 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം 56212/- രൂപയുള്ള കമ്പ്യൂട്ടർ ഉപകരണങ്ങളും (സ്റ്റോക്ക് രജിസ്റ്റർ-242 പേജ്- 4 എണ്ണം) മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ. ബിൽ നം.16/17-18 പ്രകാരമുള്ള 32,750/- രൂപയുള്ള 3 പ്രിന്ററുകൾ ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബാക്കി തുകയുള്ള ഉപകരണങ്ങൾ (99919 - 92264 = 7655 രൂപ) ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/08.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. 7,655/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 7,655/- രൂപയുള്ള ഉപകരണങ്ങൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-26 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 156/17-18 (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ - 500000രൂപ (റോഡിതരം)

ചെലവ്- 500000 രൂപ

ബില്ലിന്റെ വിശദാംശങ്ങൾ- നം-1/17-18; തീയതി 15.12.17 ; തുക- 5,00,000രൂപ

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി പാലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം. 1 പ്രകാരം 5,00,000/- രൂപ പിൻവലിച്ച് 21.12.17 തീയതി ഹോംകോ, ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം-34306403911, എസ്.ബി.എെ). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത മരുന്നുകൾ ലഭ്യമായിട്ടില്ലയെന്ന് കാണുന്നു.

മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-27 2017-18 പദ്ധതിയിൽ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്ക് തുക നല്കി.

കൊട്ടാരമറ്റം, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിന് KURDFC ലോൺ വിഹിതം ഇനത്തിൽ വകയിരുത്തിയിരുന്ന തുകയിൽ ഓഡിറ്റ് വർഷത്തിൽ 1,40,37,527/- രൂപ വരവുണ്ട്. (കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് – 1,01,12,699/- രൂപ , തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് – 39,24,828/- രൂപ) വരവുകൾ തനത്ഫണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ലോൺ അക്കൗണ്ടായ എസ്.ബി.ഐ യുടെ 67275612253 നമ്പർ അക്കൗണ്ടിലേക്ക് നല്കുകയുമാണ് ചെയ്യുന്നത്. 2017-18 വരവ് തുകയിൽ 1,01,12,699/- രൂപ കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി നല്കുന്നതിനും 37,54,903/- രൂപ തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് നല്കുന്നതിനും വേണ്ടി ഈ അക്കൗണ്ടിൽ നിന്നും കരാറുകാർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാർട്ട്ബിൽ നല്കിയതും ഫൈനൽ ബിൽ നല്കിയിട്ടില്ലാത്തതുമായ മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവർ പ്രോജക്ടുകളായി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തുകയോ അംഗീകാരം നേടുകയോ വാർഷികകണക്കിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2016-17 വർഷം വരെ നല്കിയ തുക, ഇനി നല്കാനുള്ള തുക എന്നിവയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നല്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ പ്രവൃത്തികൾക്ക് നാളിതുവരെ ചെലവഴിച്ച തുക, പാർട്ട് ബില്ലുകളുടെ വിശദാംശങ്ങൾ എന്നിവ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സിനായി ലോൺ വിഹിതമിനത്തിൽ ലഭിച്ച 1,69,925/- രൂപ (3924828-3754903) തനത്ഫണ്ടിൽ അവശേഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2017-18 സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 1,40,37,527/- രൂപ വായ്പ ഇനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും ലോൺ രജിസ്റ്റർ പ്രകാരമുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ULB-363/13/ 19.03.13 | 45000000 | 10257239 | 14037527 | 948020 | 2517091 | 23346746 |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | | | | | |

വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,65,30,138 |
| തൻവർഷം നിക്ഷേപിച്ചതുക | -- |
| തൻവർഷ പലിശ | 6,39,826 |
| ആകെ | 1,71,69,964 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,71,69,964 |

നിക്ഷേപത്തിന്റെ വിവരം - എസ്.ബി.എെ., പാലാ, അക്കൗണ്ട് നം.32842590800

(FD രസീത് നം.8028380878-9 തീയതി 19.6.15)

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മേൽ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

# 4-6 ഓഡിറ്റ് റിക്കവറി

വാർഷികകണക്കുകൾ പ്രകാരം തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം ഭീമമായ തുക ഡിപിസി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | അംഗീകാരമില്ലാതെ എൈ.കെ.എം. ൽ നിക്ഷേപിച്ചു. | |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 മുതൽ 2000-01 വരെ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ് ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിൻെറ അപര്യാപ്തതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 264997458.33 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 225233423.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 193169 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5108258.28 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 168675 | ശ്രീ.അജു ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | | 24494 | ശ്രീ.അജു ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 193169 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 261797 | ശ്രീ.അജു ബി. |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | 507258 | ശ്രീ.അജ്ജു ബി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | 586835.28 | ശ്രീ.അജ്ജു ബി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 634625 | ശ്രീ.അജ്ജു ബി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | 1176568 | ശ്രീമതി ഷീജാമോൾ ജോസഫ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 316816 | ശ്രീ.ബി.അജയകുമാർ<br>ഹെൽത്ത് സൂപ്പർവൈസർ |
| 3-16 | 600000 | ശ്രീ.ബി.അജയകുമാർ<br>ഹെൽത്ത് സൂപ്പർവൈസർ |
| 3-17 | 343335 | ശ്രീമതി ഷീജാമോൾ ജോസഫ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-20(1), (2) | 99775 | ശ്രീ.അൻസ് രാജ് ജെ.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(സെക്രട്ടറി-ഇൻ ചാർജ്) |
| 3-20(3) | 55000 | ശ്രീ.ജെയ്ക്ക് ജോസഫ്, സൂപ്രണ്ട്<br>(സെക്രട്ടറി-ഇൻ ചാർജ്) |
| 3-24 | 18594 | ഡോ.ശ്രീലത എസ്., സൂപ്രണ്ട്<br>ഗവ.ആയുർവേദ ഹോസ്പിറ്റൽ |
| 3-25 | 7655 | ഡോ.ബിൻസി ടി.കെ., സൂപ്രണ്ട്<br>ജനറൽ ഹോസ്പിറ്റൽ |
| 3-26 | 500000 | ഡോ.ഹരീന്ദ്രനാഥ് പി., സൂപ്രണ്ട്<br>ഗവ.ഹോമിയോ ആശുപത്രി |
| ആകെ | 5108258.28 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

**ഇല്ല.**

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

**ഇല്ല.**

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജ്ജു ബി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>പാലാ നഗരസഭ | ജ്യോതിസ്<br>മറിയപ്പള്ളി<br>പി.ഒ.<br>കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-01 | എൽ.എഫ്.കെ.(എം.എൽ)1027/99 | | |
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96- 2.8.97/7.11.97 | | |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/9.12.98 | | |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11 | | |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.01 /28.09.11 | | |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/7.10.02 | | |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07/4.7.09/8.9.09 | | |
| 2000-01 | എൽ.എഫ്.കെ.പി.8/626/15/15.4.16 | | |
| 2001-02 | എൽ.എഫ്.കെ.പി.8/625/15/03.12.15 | | |
| 2002-03 ചെലവ് | എൽ.എഫ്.കെ.(എം.എൽ)264/06/22.7.08/6.9.08 | | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15/3.12.15 | | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15/15.04.16 | | |
| 2004-05 | എൽ.എഫ്.കെ.(എം.എൽ)924/07/4.7.09/8.9.09 | | |
| 2005-06 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11 | | |
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627/15/10.08.15 | | |
| 2006-07 | എൽ.എഫ്.കെ.(എം.എൽ)1319/10/07.01.11 | | |
| 2007-08 | എൽ.എഫ്.കെ.(എം.എൽ)128/11/5.9.11 | | |
| 2008-09 | എൽ.എഫ്.കെ.പി8/236/11/14.3.12 | | |
| 2009-10 | എൽ.എഫ്.കെ.പി8/1622/11/20.4.12 | | |
| 2010-11 | എൽ.എഫ്.കെ.പി8/7/12/11.7.12 | | |
| 2011-12 | എൽ.എഫ്.കെ.പി8/344/13/31.5.13 | | |
| 2012-13 | എൽ.എഫ്.കെ.പി8/379/15/4.6.15 | | |
| 2013-14 | എൽ.എഫ്.കെ.പി8/769/15/28.01.16 | | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17 | | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | 40 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | 42 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)-ഇൻ ചാർജ് ഓഫ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി-17/192 /19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 04812564886

ഇ-മെയിൽ : doktm.ksad@kerala.gov.in

തീയതി: 08.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പാലാ നഗരസഭയുടെ 2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായത്തിൽ **പാലാ നഗരസഭയുടെ 2017-18 ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നില്ല എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)-ഇൻ ചാർജ് ഓഫ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം